യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 12 ഡിസംബർ 2017 വില 15 രൂപ



ബൈബിളിലൂടെ...

എബ്രായലേഖനം

സാക് പുന്നൻ

JEEVAMOZHIKAL

ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ. 6:68)

വാല്യം 15 ഡിസംബർ 2017 ലക്കം 12

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യയിൽ | Rs. 150/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.1200/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

**ജീവമൊഴികൾ**
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481 - 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

**മാസിക സംബന്ധിച്ചും മീറ്റിംഗുകൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾക്ക്**

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9562443142 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കാക്കനാട് | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയിൽ | 9495575692 |
| വയനാട് | 9656128665 |


## മൊഴിമുത്തുകൾ

# സഭയുടെ പ്രാധാന്യം



ഈ കാലഘട്ടത്തിൽ സഭയെ കേന്ദ്രീകരിക്കാത്തതും സഭയിൽ നിന്ന് ഉദ്ഭവിക്കാത്തതുമായ ഒരു ശുശ്രൂഷയും ദൈവത്തിന് സ്വീകാര്യമല്ല. ബൈബിൾ സ്കൂളുകളും ട്രാക്റ്റ് സൊസൈറ്റികളും ക്രിസ്തീയ വിദ്യാർത്ഥി പ്രസ്ഥാനങ്ങളും എന്തുമാകട്ടെ അവയ്ക്കൊന്നും യഥാർത്ഥമായ യാതൊരു ആത്മിക മൂല്യവും ഇല്ലെന്നുള്ള സത്യം നാം ഭയത്തോടും ധീരതയോടും കൂടി മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

- എ.ഡബ്ല്യു. ടോസർ

## ചിന്തകളെ പരിശോധിക്കുക

A Joyful 'toon by Mike Waters




ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായതൊക്കെയും... ചിന്തിച്ചുകൊൾവിൻ (ഫിലിപ്പ്യർ. 4:8)

എഡിറ്റോറിയൽ

# രണ്ട് യജമാനന്മാരെ സേവിക്കുകയോ?



**നി**രക്ഷരയായ ഒരു സ്ത്രീയോട് ഒരാൾ ചോദിച്ചു: "നിന്റെ വീട് ഈ വഴിയുടെ ഏതു വശത്താണ് ? വലതു വശത്തോ ഇടതുവശത്തോ?"

അല്പനേരം ആലോചിച്ചിട്ട് അവൾ ഇങ്ങനെ മറുപടി പറഞ്ഞു: "എന്റെ വീട് വഴിയുടെ രണ്ടു വശത്തുമാണ്".

മറുപടി കേട്ട ആൾ അത്ഭുതസ്തബ്ധനായി. അതെങ്ങനെയാണ് ശരിയാവുക? ഇവൾ തന്നെ കളിയാക്കുകയാണോ? അദ്ദേഹം ക്ഷുഭിതനായി ചോദിച്ചു: "അതെങ്ങനെ? ഒരു വീടിന് ഒരേ സമയത്തു വഴിയുടെ ഇരുവശത്തും സ്ഥിതിചെയ്യാൻ കഴിയുമോ? നീ എന്തു വിഡ്ഢിത്തമാണു പറയുന്നത്."

അവളുടെ നിഷ്കളങ്കമായ മറുപടി ഇങ്ങനെ : "അതു സാറേ, ഞാനീ വഴിയിലൂടെ അങ്ങോട്ടുപോകുമ്പോൾ വീട് വഴിയുടെ വലതുവശത്താണ്. ഇങ്ങോട്ടു വരുമ്പോൾ ഇടതു വശത്തും. അതുകൊണ്ടാ ഞാൻ പറഞ്ഞതു വീടു വഴിയുടെ രണ്ടു വശത്തുമാണെന്ന്. ഞാൻ പറഞ്ഞതു ശരിയല്ലേ സാറേ?".

കഥ ഇവിടെ അവസാനിക്കുന്നു; നമുക്കു കാര്യത്തിലേക്കു വരാം. യേശുക്രിസ്തുവിനെ അനുഗമിക്കുന്നു എന്ന് ഇന്ന് അവകാശപ്പെടുന്ന വിശ്വാസികളിൽ പലരും ഈ സ്ത്രീയെപ്പോലെയാണെന്നു പറഞ്ഞാൽ നിങ്ങൾ പിണങ്ങുമോ? ഒരേ സമയം വഴിയുടെ രണ്ടു വശത്തും ആയിരിക്കുന്നതിൽ അവർ തെറ്റൊന്നും കാണുന്നില്ല. എന്നു തന്നെയല്ല അങ്ങനെയല്ലേ വേണ്ടതെന്നും അവർ ചോദിക്കുന്നു.

എന്നാൽ ദൈവവചനം നിലപാടുകളുടെ കാര്യത്തിൽ ഇത്രയും വിശാലതയുള്ളതല്ല. മറിച്ച് അല്പം 'സങ്കുചിത'മാണ്. ഒരു കൈകൊണ്ട് ദൈവത്തെയും മറുകൈകൊണ്ടു ലോകത്തെയും പിടിച്ചുകൊണ്ടു മുന്നോട്ടു പോകുന്ന ഹൃദയവിശാലതയോ ദൈവത്തോടും ലോകത്തോടും സമദൂരം പാലിക്കുന്ന നിഷ്പക്ഷതയോ ഒന്നും ദൈവവചനം വിഭാവനം ചെയ്യുന്നില്ല.

ഇതു സംബന്ധിച്ച് യേശു പറഞ്ഞു: " രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല" (ലൂക്കോ. 16:13) യോഹന്നാൻ അപ്പോസ്തലൻ വ്യക്തമാക്കി: 'ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല'(1 യോഹന്നാൻ 2:15) നേരിയ സംശയത്തിനുപോലും ഇടനൽകാതെ യാക്കോബ് പ്രഖ്യാപിക്കുന്നു: 'ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു' (4:4). അപ്പോസ്തലനായ പൗലൊസ് സ്വന്തം നിലപാടു വിശദീകരിക്കുന്നു: 'ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല'(ഗലാത്യ.1:10). ഇവിടെ ഒന്നും ഒരു 'നിഷ്പക്ഷ മേഖല' നാം കാണുന്നില്ല. ഒന്നുകിൽ

അവിടെ. അല്ലെങ്കിൽ ഇവിടെ. ഒരേ സമയം രണ്ടു വശത്തും നില്ക്കുക – അങ്ങനെയൊരു ഒത്തുതീർപ്പ് ദൈവവചനത്തിലില്ല. ഒരേസമയം ദൈവത്തെയും മനുഷ്യരെയും പ്രസാദിപ്പിക്കുവാനോ രണ്ടു യജമാനന്മാരെ സേവിപ്പാനോ ദൈവത്തിന്റെയും ലോകത്തിന്റെയും സ്നേഹിതനാകുവാനോ യഥാർത്ഥ ക്രിസ്ത്യാനിക്കു കഴിയുകയില്ലെന്നു ദൈവവചനം അസന്ദിഗ്ദ്ധമായാണു പ്രഖ്യാപിക്കുന്നത്. ദൈവവചനത്തിന്റെ ആദ്യവാക്യങ്ങളിൽ തന്നെ ദൈവം ചെയ്യുന്ന ഒരു പ്രവൃത്തി നാം ഇങ്ങനെ വായിക്കുന്നു: “ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു” (ഉൽപ.1:4) എങ്കിൽ നമുക്ക് ഇങ്ങനെ പറയാം : ദൈവം വേർപിരിച്ചതിനെ ഇന്നു മനുഷ്യൻ യോജിപ്പിക്കരുത്.

തമ്മിൽ യോജിക്കുന്നതല്ല ഇരുളും വെളിച്ചവും. ദൈവത്തിന് ഇക്കാര്യം എത്രയും വ്യക്തമാണ്. അല്ലെങ്കിൽ, യേശുവിന്റെ വചനം (ലൂക്കോസ് 16:13) നാം നേരത്തെ ഉദ്ധരിച്ചതു മുഴുവനായി നോക്കുക: “ രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല. അവൻ ഒരുവനെ പകെച്ചു മറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴിയുകയില്ല.”

‘മാമ്മോൻ’ എന്നത് ഒരു അരാമ്യവാക്കാണ്. അതു ധനത്തെ, സമ്പന്നതയെ, പണത്തെ കുറിക്കുന്നു. ഇവിടെ കർത്താവു ധനത്തിന്, പണത്തിന് ഒരു വ്യക്തിത്വം ആരോപിക്കുകയാണ്. അത് ഒരു യജമാനനെപ്പോലെ തന്റെ അടിമയായ ദാസന്റെ മേൽ കർത്തൃത്വം നടത്തും. എത്രയോ വാസ്തവമാണിത്! ഇന്നു പണം എന്ന യജമാനനെ സേവിക്കുന്നവരെ നോക്കുക: പണത്തോടുള്ള ആശയ്ക്ക് ഒരിക്കലും മതി വരുന്നില്ല. ധനാശ ഒരു കടൽക്കിഴവനെപ്പോലെ അവരുടെ തോളിൽ കയറിയിരുന്ന് അവരെ ഭരിക്കുകയും നിയന്ത്രിക്കുകയും ഞെരുക്കുകയുമാണ്!

ഈ മാമ്മോനെയും ദൈവത്തെയും ഒന്നിച്ചു സേവിക്കാൻ ആർക്കും കഴിയുകയില്ലെന്നു കർത്താവു ഖണ്ഡിതമായി ഇവിടെ പറഞ്ഞിരിക്കുകയാണ്. എന്നിട്ടും ഇന്നു ക്രിസ്തീയലോകത്തു പലരും കരുതുന്നതു രണ്ടിനേയും ഒരേ സമയം സേവിക്കാമെന്നാണ്! ഇല്ല. സാധ്യമല്ല. ക്രമേണ നിങ്ങൾ ഒരു യജമാനനെ തള്ളിക്കളഞ്ഞ് മറ്റവനെ സ്നേഹിക്കുകയും അവനോടു പറ്റിച്ചേരുകയും അവനെ മാത്രം സേവിക്കുകയും ചെയ്യും. ഇതൊരു പ്രകൃതിനിയമം പോലെ കൃത്യമായി നടക്കുമെന്നു കർത്താവു പറയുന്നു. എങ്കിൽ, ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നതു നാം മാമ്മോനെന്ന യജമാനനെ പകെച്ച് ദൈവത്തെ മാത്രം സ്നേഹിച്ച് ദൈവത്തോടു മാത്രം പറ്റിച്ചേർന്ന് അവിടുത്തെ മാത്രം സേവിക്കണമെന്നാണ്.

ഇവിടെ ഒരു സംശയം വരാം. പണത്തെ പകെച്ചാൽ, നാം ഈ ലോകത്ത് എങ്ങനെ ജീവിക്കും? ഈ ചോദ്യത്തിന്റെ മറുപടി കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്. മത്തായി സുവിശേഷത്തിൽ ഇതേ കാര്യം പറയുന്നിടത്താണത്.

*(ശേഷം പേജ് 39 ൽ)*

**സന്ദേശം**

# നിങ്ങൾ സേവിക്കുന്നത് ആരെ?

**സാക് പുന്നൻ**

‘‘രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴികയില്ല; അവൻ ഒരുവനെ പകച്ചു മറ്റവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല’’ (ലൂക്കോ. 16:13).



*എന്നെങ്കിലുമൊരിക്കൽ ഒരു ലോട്ടറിയിൽ ഒന്നാം സമ്മാനം കിട്ടുവാൻ തക്കവണ്ണം ദൈവം തങ്ങളെ സഹായിക്കണമെന്നു പോലും ചില വിശ്വാസികൾ ആഗ്രഹിക്കുന്നു.*

***സാത്താനോട് നിങ്ങൾക്ക് ഒരു നിഷ്പക്ഷമനോഭാവം സാധ്യമല്ലാത്തതുപോലെ പണത്തോടും ഒരു നിഷ്പക്ഷ മനോഭാവമവലംബിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. ഒന്നുകിൽ നിങ്ങൾ സാത്താനെ സ്നേഹിക്കുകയോ അല്ലെങ്കിൽ വെറുക്കുകയോ ചെയ്യണം. അതുപോലെ ഒന്നുകിൽ നിങ്ങൾ പണത്തെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യണം. ഒന്നുകിൽ നിങ്ങൾ പണത്തെ മുറുകെ പ്പിടിക്കും; അല്ലെങ്കിൽ അതിനെ നിന്ദിക്കും.***

നമുക്ക് ദൈവത്തെയും സാത്താനെയും സേവിപ്പാൻ കഴിയുകയില്ലെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ദൈവത്തെയും മാമ്മോനെയും (പണം, ഭൗതികവസ്തുക്കൾ എന്നിവ) ഒപ്പം സേവിപ്പാൻ നമുക്കു സാധ്യമല്ലെന്ന കാര്യം വളരെക്കുറച്ചുപേർക്കേ അറിവുള്ളൂ.

യേശു ഇവിടെ പറഞ്ഞിട്ടുള്ള നാലുകാര്യങ്ങൾ ശ്രദ്ധയോടെ മനസ്സിലാക്കുക:

1. നിങ്ങൾ യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ പണത്തെ വെറുക്കും.

2. നിങ്ങൾ യഥാർത്ഥത്തിൽ ദൈവത്തോടു പറ്റിച്ചേരുന്നുവെങ്കിൽ നിങ്ങൾ പണത്തെ നിന്ദിക്കും.

3. നിങ്ങൾ പണത്തെ സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ ദൈവത്തെ വെറുക്കുന്നുവെന്ന് അതു തെളിയിക്കുന്നു.

4. നിങ്ങൾ പണത്തോടു പറ്റിച്ചേരുന്നുവെങ്കിൽ നിങ്ങൾ ദൈവത്തെ നിന്ദിക്കുന്നുവെന്നതിന്റെ തെളിവാണത്.

വിശ്വാസികളെന്നറിയപ്പെടുന്ന ഭൂരിപക്ഷമാളുകളും അതു മനസ്സിലാക്കുന്നില്ലെങ്കിലും അവർ സത്യത്തിൽ ദൈവത്തെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നവരാണ്; കാരണം, അവർ പണത്തെയും ഭൗതികവസ്തുക്കളെയും അത്രയധികം സ്നേഹിക്കുന്നു.

ഒരു വിശ്വാസി മറ്റൊരു വിശ്വാസിയെക്കാൾ ഉപദേശപരമായി നിർമ്മലതയുള്ളവനെന്നു സ്വയം ചിന്തിച്ചേക്കാം; എന്നാൽ അവരിരുവരും പണത്തെ സ്നേഹിക്കുന്നുവെങ്കിൽ ഇരുവരും ദൈവത്തെ വെറുക്കുന്നവരാണ്. പരീശന്മാർക്ക് ഉപദേശപരമായി നിർമ്മലതയുണ്ടായിരുന്നു (മത്താ.23:3); അവർ അത്യന്തം മതഭക്തരുമായിരുന്നു. എങ്കിലും അവർ ദൈവത്തെ സ്നേഹിച്ചിരുന്നില്ല. പണത്തെ അവർ സ്നേഹിച്ചിരുന്നു (ലൂക്കോ. 16:14)

സാത്താനോട് നിങ്ങൾക്ക് ഒരു നിഷ്പക്ഷമനോഭാവം (neutral attitude) സാധ്യമല്ലാത്തതുപോലെ പണത്തോടും ഒരു നിഷ്പക്ഷ മനോഭാവമവലംബിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല. ഒന്നുകിൽ നിങ്ങൾ സാത്താനെ സ്നേഹിക്കുകയോ അല്ലെങ്കിൽ വെറുക്കുകയോ ചെയ്യണം. അതുപോലെ ഒന്നുകിൽ നിങ്ങൾ പണത്തെ സ്നേഹിക്കുകയോ വെറുക്കുകയോ ചെയ്യണം.

ഒന്നുകിൽ നിങ്ങൾ പണത്തെ മുറുകെപ്പിടിക്കും; അല്ലെങ്കിൽ അതിനെ നിന്ദിക്കും.

ഒരു കാന്തത്തിന്റെ രണ്ടു ധ്രുവങ്ങൾപോലെ ദൈവവും പണവും രണ്ടുവിരുദ്ധകോടികളാണ്. ഒരു ധ്രുവത്തിൽ നിങ്ങൾ ആകർഷിക്കപ്പെടുന്നുവെങ്കിൽ മറ്റതിനോടു വികർഷണവും നിങ്ങൾക്കുണ്ടാകും.

അങ്ങനെയെങ്കിൽ എങ്ങനെയാണ് നാം പണത്തെ വെറുക്കേണ്ടത്? ആത്മതപനം (asceticism) കൊണ്ടും കഠിനശിക്ഷണം കൊണ്ടുമാണോ നാമതു ചെയ്യേണ്ടത്? പണത്തെ വെറുക്കേണ്ടതെങ്ങനെയെന്നും പഠിക്കുവാൻ നാം ഒരു സന്യാസാശ്രമത്തിലോ വിശ്വാസഭവനത്തിലോ പോയി പാർക്കേണ്ടതാവശ്യമാണോ?

നമ്മെ ഏകാന്തതാപസ്സരോ സന്യാസികളോ പാസ്റ്ററന്മാരോ ആക്കുവാനല്ല യേശു വന്നത്. തന്റെ ഉപജീവനം നേടുകയും തന്റെ മാതാവിനെയും ഇളയസഹോദരീസഹോദരന്മാരെയും പുലർത്തുകയും ചെയ്‌വാനായി അനേകവർഷക്കാലം ഒരു തച്ചപ്പണിക്കനായി ജോലി ചെയ്തുകൊണ്ട് ലോകത്തിൽ ഒരു സാധാരണജീവിതമാണ് അവിടുന്നു നയിച്ചത്. മറ്റേതൊരാളിനെയുംപോലെ അവിടുന്നു പണം സമ്പാദിക്കുകയും ഉപയോഗിക്കുകയും ചെയ്തു. എങ്കിലും അവിടുന്നു പണത്തെ വെറുക്കുകയും തന്റെ പിതാവിനെ സ്നേഹിക്കുകയും ചെയ്തു.

നാമെങ്ങനെ പണത്തെ വെറുക്കണമെന്നു മനസ്സിലാക്കുവാൻ ഒരു ദൃഷ്ടാന്തം നമ്മെ സഹായിച്ചേക്കാം. ഒരു യുവാവുമായി ആഴമായ പ്രേമബന്ധത്തിൽപ്പെട്ട് അയാളെക്കൂടാതെ തനിക്കു ജീവിക്കുവാൻ സാധ്യമല്ലെന്നു കരുതുന്ന യുവതിയെപ്പറ്റി ചിന്തിക്കുക. അങ്ങനെയിരിക്കെ ഒരു ദിവസം ആ യുവാവിനെക്കാൾ സുന്ദരനും അയാളെക്കാൾ വളരെയധികം അവളെ ആകർഷിച്ചവനുമായ മറ്റൊരു യുവാവിനെ അവൾ കണ്ടുമുട്ടുന്നു. ഒരിക്കൽ ഈ പുതിയ യുവാവുമായി ബന്ധത്തിലായിക്കഴിഞ്ഞാൽ പിന്നെ ആദ്യത്തെ യുവാവിനെക്കാണുവാൻ അവൾ ആഗ്രഹിക്കുന്നില്ല. ആദ്യത്തെ യുവാവുമായുള്ള സ്നേഹത്തിൽ നിന്ന് എങ്ങനെയാണവൾ രക്ഷപെട്ടത്? മറ്റു ചില തിനെ പുറത്താക്കുവാൻ ശക്തിയുള്ള ഒരു പുതിയ സ്നേഹത്തിന്റെ ശക്തിയിലാണ് അതു സാധിച്ചത്.

***ദൈവത്തെ സ്നേഹിക്കുന്നതിനുവേണ്ടി നിങ്ങൾ പണത്തെ വെറുക്കണമെന്നു ഞങ്ങൾ പ്രസംഗിക്കുന്നില്ല. ഞങ്ങൾ പണത്തെ വെറുക്കുന്നുവെന്നും മറ്റെല്ലാ വിശ്വാസികളും അതിനെ സ്നേഹിക്കുന്നുവെന്നും ചിന്തിക്കുന്ന പരിശന്മാരെ ഉണ്ടാക്കുവാനേ അതുപകരിക്കുകയുള്ളു. ആളുകൾ പൂർണ്ണഹൃദയത്തോടെ ക്രിസ്തുവിനെ സ്നേഹിക്കുമാറ് ഞങ്ങൾ അവിടുത്തെ ഉയർത്തിക്കാട്ടുന്നു. അപ്രകാരം അവിടുത്തെ സ്നേഹിക്കുമ്പോൾ അവർ സ്വതേ തന്നെ പണത്തെ വെറുക്കും.***

*പത്തുനിലയിലുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽനിന്നു സ്വബോധമുള്ള ഒരാൾ താഴോട്ടു ചാടുകയില്ലല്ലോ. അതുപോലെ സുബോധമുള്ള വിശ്വാസികളാരും പണത്തിനുവേണ്ടി പാഞ്ഞോടുകയില്ല. ഈ രണ്ടു പ്രവൃത്തികളും ഒരുപോലെ സ്വയം നശിപ്പിക്കലാണെന്ന് അവർക്കറിയാം. തിരുവെഴുത്തിലെ താക്കീതുകൾ അവഗണിച്ചശേഷം പിന്നെയും ദൈവിക സംരക്ഷണം പ്രതീക്ഷിക്കുന്നതു ശരിയല്ലെന്ന് അവർ മനസ്സിലാക്കുന്നു.*

ഇതാണ് പണത്തോടുള്ള സ്നേഹത്തിൽനിന്നു സ്വതന്ത്രരാകുവാൻ നമുക്കും ഉള്ള വഴി. യേശുവിനോടുള്ള സ്നേഹം നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ പണത്തോടുണ്ടായിരുന്ന മുൻകാലസ്നേഹത്തിന് ഇടമില്ലാതാകും. വെളിച്ചം ഒരു മുറിയിൽ നിറയുമ്പോൾ ഇരുട്ട് ഓടിയൊളിക്കും.

അതിനാൽ ദൈവത്തെ സ്നേഹിക്കുന്നതിനുവേണ്ടി നിങ്ങൾ പണത്തെ വെറുക്കണമെന്നു ഞങ്ങൾ പ്രസംഗിക്കുന്നില്ല. തീർച്ച തന്നെ. അതൊരു നിഷേധാത്മകസന്ദേശമാണ്. തങ്ങൾ പണത്തെ വെറുക്കുന്നുവെന്നും മറ്റെല്ലാ വിശ്വാസികളും അതിനെ സ്നേഹിക്കുന്നുവെന്നും ചിന്തിക്കുന്ന പരീശന്മാരെ ഉണ്ടാക്കുവാനേ അതുപകരിക്കുകയുള്ളു. ആളുകൾ പൂർണ്ണഹൃദയത്തോടെ ക്രിസ്തുവിനെ സ്നേഹിക്കുമാറ് ഞങ്ങൾ അവിടുത്തെ ഉയർത്തിക്കാട്ടുന്നു. അപ്രകാരം അവിടുത്തെ സ്നേഹിക്കുമ്പോൾ അവർ സ്വതേ തന്നെ പണത്തെ വെറുക്കും. എന്നിട്ടും ഒരുവൻ പണത്തെ സ്നേഹിക്കുന്നപക്ഷം, അയാൾ പൂർണ്ണഹൃദയത്തോടെ യേശുവിനെ സ്നേഹിക്കുന്നില്ലെന്ന് അത് വ്യക്തമാക്കും.

നാം പണത്തിന്റെ പിന്നാലേ ഓടുന്നില്ലെന്നോ അതിനുവേണ്ടി വാഞ്ഛിക്കുന്നില്ലെന്നോ മാത്രം പറഞ്ഞാൽ പോരാ. അത് ദുർബ്ബലവും നിഷേധാത്മകവുമായ ഒരു പ്രസ്താവനയാണ്. നാം വാസ്തവത്തിൽ പണത്തെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നുവെന്നുള്ള നമ്മുടെ ഏറ്റുപറച്ചിൽ വസ്തുതാനിഷ്ഠ (positive)മായിരിക്കണം. ഇതു നമ്മുടെ ജീവിതത്തിൽ സത്യമല്ലെങ്കിൽ നമ്മുടെ കുറവിനെ ഏറ്റുപറയുകയും വിടുതലിനായി കർത്താവിനെ അന്വേഷിക്കുകയും ചെയ്യുന്നതാണ് ഏറെ നല്ലത്. ഈ കാര്യത്തിൽ ആത്മവഞ്ചനയിൽനിന്നു നാം വിടുതൽ പ്രാപിക്കണമെങ്കിൽ നാം നമ്മോടുതന്നെ നിർദ്ദയമായ സത്യസന്ധതയുള്ളവരായിരിക്കണം.

പണത്തിന്റെ വർദ്ധന നമ്മെ സന്തോഷംകൊണ്ടു വികാരംകൊള്ളിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾക്കുള്ള നമ്മുടെ ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ നാം പണത്തെ സ്നേഹിക്കുന്നുവെന്നും മാമ്മോനെ സേവിക്കുന്നുവെന്നും വ്യക്തമാണ്.

പണത്തിലുണ്ടാകുന്ന ഒരു വർദ്ധന തങ്ങളുടെ ജീവിതത്തിന്മേ

ലുള്ള ദൈവാനുഗ്രഹത്തിന്റെ ഒരു തെളിവാണെന്നു ചിന്തിക്കുമാറ് പല വിശ്വാസികളും ബുദ്ധിഹീനരാണ്. എന്നെങ്കിലുമൊരിക്കൽ ഒരു ലോട്ടറിയിൽ ഒന്നാം സമ്മാനം കിട്ടുവാൻ തക്കവണ്ണം ദൈവം തങ്ങളെ സഹായിക്കണമെന്നുപോലും ചില വിശ്വാസികൾ ആഗ്രഹിക്കുന്നു. മാമ്മോന്റെ ആരാധനയിലേക്ക് ആളുകളെ വലിച്ചടിപ്പിക്കുവാൻ സാത്താൻ ഉപയോഗിക്കുന്ന ഒരു ഉപാധിയാണ് ലോട്ടറി. ഒരു രൂപായുടെ ഒരു ടിക്കറ്റു വാങ്ങുന്നതിന്റെ ഫലമായി ഒരുവനു പത്തു ലക്ഷം രൂപ കിട്ടുന്നു. അയാൾക്കു കിട്ടുന്നതു നിരാശരായ പത്തുലക്ഷം ആളുകളുടെ വകയാണ്. വ്യക്തമായും ദോഷകരമായ ഒരു കാര്യമാണത്.

ബൈബിൾ പറയുന്നു: ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇടവരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. (1തിമോ.6:9)

ലോത്ത് ധനികനാകുവാൻ ആഗ്രഹിച്ചു. അതിനുള്ള ശ്രമത്തിൽ അയാൾ തന്റെ കുടുംബത്തെ നശിപ്പിച്ചു. ബിലെയാം ധനികനാകുവാനാഗ്രഹിച്ചു; ഒരു പ്രവാചകനെന്ന നിലയിലുള്ള തന്റെ വിളി നഷ്ടപ്പെട്ട് അയാൾ നരകത്തിലേക്കു പോയി. ഗേഹസി ധനികനാകുവാനാഗ്രഹിച്ചു. അയാൾക്ക് ഒരു പ്രവാചകനായിത്തീരുവാനുള്ള അവസരം അയാൾ നഷ്ടപ്പെടുത്തിയതു മാത്രമല്ല, തന്റെയും തന്റെ സന്തതിയുടെയും മേൽ അയാൾ കുഷ്ഠരോഗം വരുത്തിവയ്ക്കുകയും ചെയ്തു.

ആത്മീയമായി നല്ല നിലയിൽ മുന്നേറിക്കൊണ്ടിരുന്നവരും ധനികരാകുവാൻ ആഗ്രഹിച്ചിട്ട് ആവശ്യങ്ങൾക്കപ്പുറമായി ധനമന്വേഷിച്ചതുമൂലം പെട്ടെന്നു പിന്മാറിപ്പോയവരുമായ ആളുകളുടെ ദുഃഖകരമായ ദൃഷ്ടാന്തങ്ങൾ നാം വീണ്ടും വീണ്ടും കണ്ടിട്ടുണ്ട്.

ധനം നൽകുന്ന സന്തോഷത്തിന്റെ ഒരു ചെറിയ രുചി സാത്താൻ ഈ ആളുകൾക്കു നൽകി അവരെ വശീകരിക്കുന്നു. ലഹരിമരുന്നു വ്യാപാരികൾ യുവജനങ്ങൾക്ക് ലഹരി മരുന്നിന്റെ രുചി അല്പമൊന്നു ഗ്രഹിപ്പിച്ചുകൊടുക്കുന്നതുപോലെയാണിത്. അങ്ങനെ സാത്താൻ ധനത്തിനുവേണ്ടിയുള്ള അവരുടെ വിശപ്പിനെ ഉദ്ദീപിപ്പിക്കുന്നു. സാത്താൻ അല്പാല്പമായി അവരെ ആകർഷിച്ചടുപ്പിക്കുകയും അവസാനമായി അവർ, മാമ്മോനെന്ന ചൂണ്ടലിൽ കുടുങ്ങി തങ്ങളെയും തങ്ങളുടെ കുടുംബങ്ങളെയും നാശഗർത്തത്തിൽ ആഴ്ത്തുകയും ചെയ്യുന്നു. സഭയെപ്പടുത്തുയർത്തുവാനായി ഉദ്ദേശിക്കപ്പെട്ടിരുന്ന അവരുടെ ജീവിതങ്ങൾ അങ്ങനെ ധനസമ്പാദനത്തിനായി ദുരുപയോഗം ചെയ്യപ്പെടുകയാണ്. അത്തരം വിശ്വാസികൾ ഒരു പാത്രം പായസത്തിനുവേണ്ടി തങ്ങളുടെ ജന്മാവകാശം വിറ്റുകളഞ്ഞവരാണ്. അവർ നിത്യതയിൽ എത്രമാത്രം പശ്ചാത്തപിക്കേണ്ടിവരുമെന്ന് ഓർത്തു നോക്കുക.

പത്തുനിലയിലുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽനിന്നു സ്വബോധമുള്ള ഒരാൾ താഴോട്ടു ചാടുകയില്ലല്ലോ. അതുപോലെ സുബോധമുള്ള വിശ്വാസികളാരും പണത്തിനുവേണ്ടി പാഞ്ഞോടുകയില്ല. ഈ രണ്ടു പ്രവൃത്തികളും ഒരുപോലെ

***നാം പണത്തെ വെറുക്കുവാനും നിന്ദിക്കുവാനും തുടങ്ങുമ്പോൾ നാം കർത്താവിനെ മുഴുഹൃദയത്തോടെ സ്നേഹിക്കുന്നുവെന്ന് നാം അറിയും. കർത്താവിനോടുള്ള തങ്ങളുടെ സ്നേഹത്തെ ഈ പരീക്ഷണത്തിനു വിധേയമാക്കുവാൻ എത്രപേർ സന്നദ്ധരാണ്? നാമിപ്പോഴും പണത്തെ സ്നേഹിക്കുന്നുവെങ്കിൽ ആത്മീയതയെപ്പറ്റിയുള്ള നമ്മുടെ ആത്മപ്രശംസയെല്ലാം വലിയൊരു പൂജ്യം മാത്രമാണ്.***

സ്വയം നശിപ്പിക്കലാണെന്ന് അവർക്കറിയാം. തിരുവെഴുത്തിലെ താക്കീതുകൾ അവഗണിച്ചശേഷം പിന്നെയും ദൈവിക സംരക്ഷണം പ്രതീക്ഷിക്കുന്നതു ശരിയല്ലെന്ന് അവർ മനസ്സിലാക്കുന്നു.

വിശ്വാസം നഷ്ടപ്പെട്ടുപോകുവാൻ ഒരുവൻ യഥാർത്ഥമായും പണത്തിനു പിന്നാലെ പാഞ്ഞോടണമെന്നില്ല. പണത്തെ ഹൃദയത്തിൽ സ്നേഹിക്കുന്നതുകൊണ്ടു മാത്രം ഒരാൾക്കു വിശ്വാസത്യാഗം സംഭവിക്കാം. "പണസ്നേഹം എല്ലാവിധ ദോഷങ്ങൾക്കും മൂലമാണ്. അതു ചിലർ കാംക്ഷിച്ചിട്ട് വിശ്വാസം വിട്ടുഴന്ന് ബഹുദുഃഖങ്ങൾക്കധീനരായിത്തീർന്നിരിക്കുന്നു" (1തിമോ 6:10). ഒരു യുവാവിന് ഒരു പെൺകുട്ടിയുടെ പിന്നാലെ പോകാതെതന്നെ ഹൃദയത്തിൽ അവളെ സ്നേഹിക്കുവാൻ കഴിയുന്നതുപോലെ ഒരുവനു പണത്തിന്റെ പിന്നാലെ ഓടാതെ തന്നെ ഹൃദയംകൊണ്ട് അതിനെ ഗൂഢമായി സ്നേഹിപ്പാൻ കഴിയും. ഒരു വിശ്വാസി വീണുപോകുവാൻ അതുമാത്രം മതി.

തന്റെ മുഴുഹൃദയംകൊണ്ടും യേശുവിനെ സ്നേഹിക്കുവാൻ തീരുമാനിക്കാത്ത ഒരുവനും സഭയെ പണിയുവാൻ സാധ്യമല്ല. നാം പണത്തെ വെറുക്കുവാനും നിന്ദിക്കുവാനും തുടങ്ങുമ്പോൾ നാം കർത്താവിനെ മുഴുഹൃദയത്തോടെ സ്നേഹിക്കുന്നുവെന്ന് നാം അറിയും. കർത്താവിനോടുള്ള തങ്ങളുടെ സ്നേഹത്തെ ഈ പരീക്ഷണത്തിനു വിധേയമാക്കുവാൻ എത്രപേർ സന്നദ്ധരാണ്? നാമിപ്പോഴും പണത്തെ സ്നേഹിക്കുന്നുവെങ്കിൽ ആത്മീയതയെപ്പറ്റിയുള്ള നമ്മുടെ ആത്മപ്രശംസയെല്ലാം വലിയൊരു പൂജ്യം മാത്രമാണ്.

"കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ" (മത്താ. 22:21) എന്നു യേശു പറഞ്ഞപ്പോൾ പണത്തോടു ബന്ധപ്പെട്ട നമ്മുടെ ഉത്തരവാദിത്വത്തിന്റെ രണ്ടു വശങ്ങൾ അവിടുന്നു വ്യക്തമാക്കി.

1. കൈസർക്കുള്ളതു കൈസർക്കു കൊടുക്കുക എന്നതു പണസംബന്ധമായ കാര്യങ്ങളിൽ നീതി പുലർത്തുകയാണ്.

2. ദൈവത്തിനുള്ളതു ദൈവത്തിനു കൊടുക്കുക എന്നത് പണത്തിന്റെ ഉപയോഗത്തിൽ വിശ്വസ്തത പുലർത്തുകയാണ്.

(തുടരും)

❖

## വിശുദ്ധജീവിതം–28

# ദൈവം സംസാരിച്ച വാക്കുകൾ

സാമുവൽലോഗൻ ബ്രെങ്കിൾ

"ദൈവം മനുഷ്യരോടു സംസാരിച്ചിട്ടും അവർ ജീവനോടിരിക്കുമെന്നു ഞങ്ങൾ ഇന്നു കണ്ടുമിരിക്കുന്നു" (ആവർ. 5:24)

വേദപുസ്തകം എഴുതിക്കഴിഞ്ഞതുകൊണ്ടു ദൈവം മനുഷ്യരോടു സംസാരിക്കുന്ന രീതിയിൽ വ്യത്യാസം വന്നിട്ടുണ്ടായിരിക്കാം. എന്നാൽ 'ഇന്നു ദൈവം സംസാരിക്കുന്നുണ്ട്' എന്ന് ഓരോ ദൈവപൈതലിനും സാക്ഷ്യം പറയുവാൻ കഴിയും.

ദൈവം തന്റെ തിരുവചനം മുഖാന്തരം എന്നോടു സംസാരിച്ചിട്ടുണ്ട്. ആ വചനങ്ങൾ പലതും ഉയരമുള്ള കൊടുമുടികൾ പോലെ എന്റെ കണ്ണിനു മുൻപിൽ ഇപ്പോഴും നില്ക്കുന്നുണ്ട്. ദൈവത്തിന്റെ തിരുവചനം എഴുതുവാൻ വിശുദ്ധന്മാരെ പ്രചോദിപ്പിച്ച പരിശുദ്ധാത്മാവു തന്നെ അവർ എഴുതിയ തിരുവചനം മനസ്സിലാക്കുന്നതിന് എന്നിൽ വ്യാപരിച്ചു.അതിൽ നിന്നു ക്രിസ്തുവിനുള്ളത് എടുത്ത് എനിക്ക് വെളിപ്പെടുത്തി തന്നു. ഈ തിരുവചനത്തിന്റെ വെളിപ്പാട് എനിക്കു തന്നതു പരിശുദ്ധാത്മാവാണെന്നുള്ള ഉറപ്പും എനിക്കു നൽകി.

ഇപ്രകാരമുള്ള ദൈവവചനത്തിന്റെ വെളിപ്പാട് എനിക്ക് ഒന്നാമത്



ലഭിച്ചതു വിശുദ്ധീകരണത്തിന്റെ അനുഭവത്തിനു വേണ്ടി ഞാൻ കാത്തിരിക്കുമ്പോഴാണ്. ഞാൻ അതിനായി വളരെ ആകാംക്ഷയോടെ കാത്തിരുന്നുവെങ്കിലും ചില സന്ദർഭങ്ങളിൽ വലിയ അന്ധകാരവും ജാഗ്രതയില്ലായ്മയും എന്നെ മൂടി. നിരാശയോടെ എല്ലാം അവസാനിപ്പിച്ച് പോകാൻ ഞാൻ പലപ്പോഴും പരീക്ഷിക്കപ്പെട്ടു. ഇപ്രകാരമുള്ള പോരാട്ടത്തിൽ കഴിച്ചുകൂട്ടുമ്പോഴാണ് "നിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നവനും നിന്നെ മുറുകെപ്പിടിക്കാൻ ഉത്സാഹിക്കുന്നവനും ആരുമില്ല" (യെശ 64:7) എന്ന വാക്യം

**ശ്രേഷ്ഠനായ ഒരു സുവിശേഷകൻ വിശുദ്ധീകരണത്തെക്കുറിച്ച് പ്രസംഗിക്കുന്നത് ഞാൻ കേട്ടു. ഈ അനുഭവമാണ് എനിക്കാവശ്യം എന്നു ഞാൻ മനസ്സിലാക്കി. എന്നാൽ ആ സുവിശേഷകനെപ്പോലെ ഒരു വലിയ പ്രസംഗകനായിത്തീരണമെന്നുള്ള ആഗ്രഹം എന്റെ ഹൃദയത്തിന്റെ അടിയിൽ ഉണ്ടായിരുന്നു. ഈ ആഗ്രഹത്തോടുകൂടെ ഈ അനുഭവത്തിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചിടത്തോളം കാലം ദൈവം എന്നിൽ നിന്ന് ദൂരെ മാറിനിന്നു.**

ഞാൻ വായിച്ചത്. ഈ വചനത്തിലൂടെ, ദൈവം മോശയോടു മുൾപ്പടർപ്പിൽ നിന്നു സംസാരിച്ചതുപോലെ എന്നോടു സംസാരിച്ചു. ഇത് എനിക്കു പുതിയ അനുഭവം ആയിരുന്നു. ഈ വചനം എന്റെ ജാഗ്രതയില്ലായ്മയെക്കുറിച്ച് എന്നെ ശാസിച്ചു. എന്നാൽ ദൈവം മറുപടി നല്കുമെന്നുള്ള പ്രത്യാശയും എന്നിൽ ഉളവാക്കി. അതിനാൽ എന്റെ പ്രാർത്ഥനയിൽ എത്ര നിരാശയുടെ അനുഭവം ഉണ്ടായാലും ഞാൻ ദൈവത്തെ മുറുകെ പിടിക്കും എന്ന് ഞാൻ തീർച്ചയാക്കി. ഇത് പത്തു വർഷങ്ങൾക്കു മുമ്പാണ്. പ്രാർത്ഥനയിൽ എനിക്ക് ഒരു ഉണർവ്വോ പ്രേരണയോ ഉണ്ടാകാതെയിരുന്നാലും പ്രാർത്ഥനയിൽ കാത്തിരിക്കുവാൻ ഞാൻ അഭ്യസിച്ചു. സങ്കീർത്തനക്കാരനെപ്പോലെ, കർത്താവേ എന്നെ ജീവിപ്പിക്കേണമേ എന്ന് ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. പുതിയ ജീവശക്തി എനിക്ക് അനുഭവമായാലും ഇല്ലെങ്കിലും ഞാൻ ദൈവത്തെ മുറുകെ പിടിക്കും. ഞാൻ അപ്രകാരം അവനെ അന്വേഷിക്കുമ്പോൾ അവനെ കണ്ടെത്തിയിട്ടുണ്ട്.

എന്നാൽ ദൈവത്തെ കണ്ടെത്തണമെങ്കിൽ ജീവിതത്തിലുള്ള ഭാരങ്ങളെയും മുറുകെ പറ്റുന്ന പാപങ്ങളെയും ഉപേക്ഷിക്കേണ്ടതാണ്. ലോകത്തിൽ വലിയ സ്ഥാനവും നിലയും ലഭിക്കണമെന്നുള്ള താല്പര്യം നമുക്ക് ഇല്ലാതെയാകേണ്ടതാണ്. രാഷ്ട്രീയരംഗങ്ങളിൽ പ്രവേശിച്ചാൽ പ്രധാനമന്ത്രിസ്ഥാനം ലഭിക്കണമെന്നും, വ്യാപാരങ്ങളിൽ കയറിയാൽ കോടീശ്വരനായിത്തീരണമെന്നുമാണ് മനുഷ്യനുള്ള പ്രതീക്ഷ. ഇത് ആത്മിക കേന്ദ്രങ്ങളിലും കാണ്മാനുണ്ട്. മനുഷ്യരുടെ ദൃഷ്ടിയിൽ പെടുന്നതും പ്രശംസ ലഭിക്കുന്നതുമായ ഒരു വേല ചെയ്യണമെന്നായിരുന്നു വിശുദ്ധജീവിതത്തെക്കുറിച്ചുള്ള എന്റെ ആഗ്രഹത്തെക്കാൾ വലിയതായി എന്നിൽ ഉണ്ടായിരുന്നത്. എന്നാൽ യാക്കോബിനെ അനുഗ്രഹിക്കുന്നതിനു മുമ്പ് ദൈവത്തിന്റെ ദൂതൻ അവന്റെ കാൽ ബലഹീനമാക്കുകയും ആയുഷ്ക്കാലം മുഴുവൻ അവൻ മുടന്തി നടക്കുകയും ചെയ്യത്തക്കവണ്ണം അവൻ ആശ്രയിച്ചിരുന്നതിനെ തകർത്തുകളകയും ചെയ്തു.

വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്ക് ദൈവം എന്നെ നടത്തുന്നതിന് പല വർഷങ്ങൾക്കു മുമ്പു തന്നെ ഇപ്രകാരം ഒരു അനുഭവം ഉണ്ട് എന്ന് ഞാൻ അറിഞ്ഞിരുന്നു. അതിനുവേണ്ടി ഹൃദയത്തിൽ വാഞ്ഛ വരുമ്പോഴെല്ലാം ഞാൻ

പ്രാർത്ഥിക്കുകയും ചെയ്തുവന്നു. വിശുദ്ധീകരണം ആഗ്രഹിക്കത്തക്ക ഒരു അനുഭവമാണ് എന്ന് എനിക്ക് മനസ്സിലായി. എന്നാൽ അത് ക്രൂശീകരണത്തിന്റെയും പോരാട്ടത്തിന്റെയും അനുഭവത്തിലേക്ക് നടത്തുന്നതാണ് എന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്. ക്രൂശെടുത്തുകൊണ്ട് യേശുക്രിസ്തുവിനെ അനുഗമിക്കുന്നതിന് മനസ്സില്ലാതെയിരിക്കുന്നതാണ് വിശുദ്ധീകരിക്കുന്നവനായ കർത്താവിന് എന്നിൽ പ്രവർത്തിപ്പാൻ കഴിയാത്ത വിധത്തിൽ തടസ്സമായിരിക്കുന്നത് എന്ന് ഞാൻ മനസ്സിലാക്കി. ശ്രേഷ്ഠനായ ഒരു സുവിശേഷകൻ വിശുദ്ധീകരണത്തെക്കുറിച്ച് പ്രസംഗിക്കുന്നത് ഞാൻ കേട്ടു. ഈ അനുഭവമാണ് എനിക്കാവശ്യം എന്നു ഞാൻ മനസ്സിലാക്കി അതിനുവേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. എന്നാൽ ആ സുവിശേഷകനെപ്പോലെ ഒരു വലിയ പ്രസംഗകനായിത്തീരണമെന്നുള്ള ആഗ്രഹം എന്റെ ഹൃദയത്തിന്റെ അടിയിൽ ഉണ്ടായിരുന്നു. ലോകത്തിന്റെ ദൃഷ്ടിയിൽ വലിയവനായിത്തീരണമെന്നുള്ള ആഗ്രഹത്തോടുകൂടെ ഈ അനുഭവത്തിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചിടത്തോളം കാലം ദൈവം എന്നിൽ നിന്ന് ദൂരെ മാറി നിന്നു. ഞാൻ വളരെ തീക്ഷ്ണതയോടും താല്പര്യത്തോടുംകൂടെ പ്രാർത്ഥിച്ചു. എന്നെ തന്റെ ആത്മാവിനാൽ നിറയ്ക്കേണ്ടതിനുവേണ്ടി ഞാൻ ദൈവസന്നിധിയിൽ വളരെ കരഞ്ഞു. ദൈവം ഈ അനുഗ്രഹം എനിക്ക് നല്കുന്നതിന് താമസിക്കുന്നതെന്ത് എന്ന് ഞാൻ അത്ഭുതപ്പെട്ടു. എന്നാൽ “ഒരു ജഡവും ദൈവത്തിന്റെ സന്നിധിയിൽ പ്രശംസിക്കാതിരിക്കേണ്ടതിനു തന്നെ” എന്നു ഞാൻ മനസ്സിലാക്കി (1 കൊരി. 1:29).

ദൈവത്തോട് ശത്രുത്വമായ സ്വയത്തെ ഞാൻ കണ്ടു. ഇതാണ് എന്റെ വിഗ്രഹം എന്ന് ഞാൻ മനസ്സിലാക്കി. എന്റെ പുകഴ്ചയ്ക്കായിട്ടുള്ള ആഗ്രഹമാണ് ഞാൻ ഒളിച്ചുവച്ചിട്ടുള്ള ‘ആഗാഗ്’ എന്നു ഞാൻ കണ്ടു. മനുഷ്യരിൽനിന്നുള്ള പുകഴ്ചയ്ക്കായി ഞാൻ ആഗ്രഹിക്കുകയും അതിൽ ഞാൻ സന്തോഷിക്കുകയും ചെയ്യുന്നിടത്തോളം കാലം ആത്മാവിന്റെയോ വിശുദ്ധീകരണത്തിന്റെയോ അനുഭവം എനിക്ക് സാദ്ധ്യമല്ല എന്നു ഞാൻ മനസ്സിലാക്കി. മനുഷ്യരിൽ നിന്നുള്ള പുകഴ്ചയും പ്രശംസയും ഞാൻ ആഗ്രഹിക്കരുത് എന്നു മാത്രമല്ല, എനിക്ക് ഉണ്ട് എന്നു ഞാൻ വിചാരിച്ചിരുന്ന പ്രശംസയും ഭോഷത്വമെന്ന് എണ്ണി ക്രിസ്തു നിമിത്തം ഒരു ഭോഷനായിത്തീരുന്നതിനുള്ള സന്നദ്ധത എനിക്ക് ആവശ്യമായിരുന്നു.

മറ്റുള്ളവർ നമ്മെ ആദരിക്കണമെന്നും ബഹുമാനിക്കണമെന്നും പ്രശംസിക്കണമെന്നുമുള്ള ആഗ്രഹം ജഡികസ്വഭാവത്തിൽനിന്നുണ്ടാകുന്നതാണ് എന്ന് എനിക്ക് മനസ്സിലായി. വിശുദ്ധീകരണംപ്രാപിക്കാത്തതായ വിശ്വാസിയെ അവൻ ആഗ്രഹിക്കാത്തതായ കാര്യങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നത് അവനിലുള്ള ജഡസ്വഭാവമാണ്. ജഡസ്വഭാവം അവനെ തോൽവിയിലേക്ക് നടത്തുകയും അവന്റെ തോൽവി അവനെ നിരാശപ്പെടുത്തുകയും ചെയ്യും. എന്നാൽ ഇപ്രകാരമുള്ള തോൽവികളുടെ സന്ദർഭങ്ങളിൽ മാത്രമേ അവനിൽ ഈ ജഡസ്വഭാവമുണ്ട് എന്ന് കാണ്മാൻ കഴിയുകയുള്ളു. അതിനാൽ അവന്റെ തോൽവികൾ അവനിലുള്ള

ദോഷകരമായ പ്രകൃതികളെ കാണു ന്നതിനുള്ള അവസരങ്ങളത്രെ.

എന്റെ ജഡികസ്വഭാവം എന്നെ തോല്പിച്ച രണ്ടു സന്ദർഭങ്ങൾ എനിക്ക് ഓർമ്മയുണ്ട്. ഒന്നാമത് പരീക്ഷാഹോളിൽഞാൻ വ്യജം പ്രവർത്തിച്ചു. വേറെ ഒന്ന് വേറൊരാളുടെ പ്രസംഗക്കുറിപ്പുകൾ എന്റേതായി ഞാൻ ഉപയോഗിച്ചു. ഒന്നാമത്തേതിനെക്കുറിച്ച് ഞാൻ അനുതപിച്ച് ഏറ്റു പറഞ്ഞു. രണ്ടാമത്തേത്, ചാറത്സ് ഫിന്നിയുടെ കുറിപ്പുകളാണ് ഞാൻ ഉപയോഗിച്ചത്. എന്നാൽ ദൈവവചനം ഹൃദയത്തിന്റെ നിനവുകളെയും ആരായുന്നതാകയാൽ എന്റെ ഹൃദയം എന്നെ കുറ്റം വിധിച്ചുകൊണ്ടിരുന്നു. "ഒരുവൻ പ്രസംഗിക്കുന്നു എങ്കിൽ ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുന്നതുപോലെയും" 1 പത്രൊ. 4:11 എന്നത്രെ ദൈവവചനം പഠിപ്പിക്കുന്നത്. ഈ വചനം വായിച്ചപ്പോൾ ഞാൻ ഒരു മോഷ്ടാവാണെന്ന് എനിക്കു തോന്നി. ദൈവത്തിന്റെ അരുളപ്പാടുകളെ അറിയേണ്ടതിന് ദൈവസന്നിധിയിൽ കാത്തിരുന്ന് ദൈവഹിതം അറിഞ്ഞും ദൈവികമർമ്മങ്ങളെ ഗ്രഹിച്ചും ദൈവത്തിന്റെ ആത്മാവിൽ ശുശ്രൂഷ ചെയ്യേണ്ടതിന് പകരം, മറ്റുള്ളവർ ഒരുക്കിയ പ്രസംഗങ്ങൾ പഠിച്ച് പ്രസംഗിച്ചതിനെക്കുറിച്ചുള്ള കുറ്റബോധം എന്നെ അലട്ടിക്കൊണ്ടിരുന്നു. ദൈവത്തിന്റെ സന്ദേശം അറിയിക്കുന്നതിന് വിളിക്കപ്പെട്ട വേലക്കാരൻ ദൈവസന്നിധിയിൽ ഇരുന്ന് ദൈവത്തിന്റെ വചനം വായിച്ച് പഠിക്കുകയും ദൈവത്തിന്റെ ആത്മാവിനാൽ പ്രകാശനത്താൽ ദൈവത്തിന്റെ അരുളപ്പാടുകൾ ലഭിച്ച് ജനത്തെ അറിയിക്കുകയും അത്രെ ചെയ്യേണ്ടത്. ഇതിനു മാത്രമേ ജനത്തെ ഉണർത്തുവാനും ജനങ്ങളിൽ പാപബോധം ഉളവാക്കുവാനും കഴിയുകയുള്ളു. ഞാൻ എന്റെ പരീക്ഷയുടെ വിഷയത്തിൽ വ്യാജം പ്രവർത്തിച്ചത് ഏറ്റുപറഞ്ഞതുപോലെ ജനത്തിന്റെ നടുവിൽ നിന്നുകൊണ്ട് ഞാൻ എനിക്കു ലഭിച്ച അരുളപ്പാടല്ല മറ്റുള്ളവർ പ്രസംഗിച്ച പ്രസംഗമാണ് പ്രസംഗിച്ചത് എന്ന് ഏറ്റുപറയണമെന്ന് എനിക്ക് തോന്നി. ഇത് ഏറ്റവും പ്രയാസമേറിയ ഒരു കാര്യമായിരുന്നു. എന്നാൽ ഞാൻ അപ്രകാരം ചെയ്യേണ്ടത് ദൈവഹിതമാണോ എന്ന് ഞാൻ ദൈവത്തോട് ചോദിച്ചു. ഞാൻ ഒരു ക്രിസ്തീയ സഹോദരനോട് ഈ കാര്യം പറഞ്ഞു. നാം പാപങ്ങളെ ഏറ്റുപറയേണ്ടത് ആവശ്യം തന്നെയാണ് എങ്കിലും ഈ കാര്യത്തിൽ ശത്രു നമ്മെ അലട്ടുന്നതിന് സമ്മതിക്കരുത് എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹം മറ്റുള്ളവർ പ്രസംഗിച്ച വിഷയങ്ങൾ പ്രസംഗിച്ചിട്ടുണ്ട് എന്നും ആ കാര്യത്തിൽ നമ്മെ കുറ്റപ്പെടുത്തേണ്ട ആവശ്യമില്ല എന്നും അദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹത്തിന് ഹൃദയത്തിലുള്ള സമാധാനം എനിക്ക് കിട്ടിയെങ്കിൽ കൊള്ളായിരുന്നു എന്ന് ഞാൻ ആഗ്രഹിച്ചു. ഏറ്റുപറയൽ എന്ന വിഷയത്തെക്കുറിച്ചുള്ള ഒരു പുസ്തകം വായിക്കുന്നതിന് ആ ദിവസങ്ങളിൽ എനിക്കിടയായി. ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നും നുറുങ്ങിയതുമായ ഹൃദയം എന്നും, തകർന്ന ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല എന്നും ഞാൻ പഠിച്ചു. ഞാൻ ദൈവത്തോട് എന്റെ പാപങ്ങളെ പരമാർത്ഥമായി ഏറ്റുപറഞ്ഞു. 'നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ

# താഴ്മ ധരിച്ചുകൊൾവിൻ

ധനത്തിലോ ഏറെ സ്വാധീനശക്തിയുള്ള സുഹൃത്തുക്കളിലോ പുകഴരുത്. നിങ്ങൾക്കെല്ലാം തരുന്ന അതിലുപരി തന്നെത്തന്നെ നൽകുവാൻ ആഗ്രഹിക്കുന്ന ദൈവത്തിലായിരിക്കട്ടെ നിങ്ങളുടെ പ്രശംസ.

സൗന്ദര്യത്തെക്കുറിച്ച് ആത്മപ്രശംസ അരുത്. ഒരു ചെറിയ രോഗത്തിന് സൗന്ദര്യത്തെ വൈരൂപ്യമാക്കുവാൻ കഴിയുമല്ലോ.

നിങ്ങളുടെ കഴിവിലോ, സാമർത്ഥ്യത്തിലോ അഹങ്കരിക്കരുത്. പ്രകൃത്യാ നിങ്ങൾക്കുള്ളതെല്ലാം തന്ന, എല്ലാ നല്ല ദാനങ്ങളും നൽകിയ, ദൈവത്തിന്റെ മുൻപാകെ അതു പ്രസാദകരമായിരിക്കുകയില്ല.

മറ്റു പലരെക്കാളും നിങ്ങൾ ഭേദമാണെന്ന ചിന്തയെ നിരാകരിക്കുക. നിങ്ങളെ പൂർണ്ണമായി അറിയുന്ന ദൈവം അത്തരം നിഗള ചിന്തകൾ മൂലം അവരെക്കാൾ മോശമായി നിങ്ങളെ കണക്കാക്കും.

നമ്മുടെ നന്മ പ്രവൃത്തികളെക്കുറിച്ചുള്ള പ്രശംസ നിരർത്ഥകമാണ്. കാരണം, നന്മയെക്കുറിച്ചുള്ള ദൈവത്തിന്റെ കണക്കുകൂട്ടലുകൾ നമ്മുടേതിനേക്കാൾ വ്യത്യസ്തമായിരിക്കാം. നിങ്ങളിൽ എന്തെങ്കിലും നന്മയുണ്ടെന്ന് കരുതുന്നുണ്ടെങ്കിൽ മറ്റുള്ളവരിൽ അതിനേക്കാൾ നന്മയുണ്ടെന്നു വിശ്വസിക്കുക. ഇതു നിങ്ങളെ താഴ്മയിൽ സൂക്ഷിക്കും.

മറ്റുള്ളവരെക്കാൾ നീതിബോധം കുറവുള്ള ആളായി സ്വയം കണക്കാക്കിയാൽ നിങ്ങൾക്ക് പ്രത്യേകിച്ച് ഒന്നും നഷ്ടപ്പെടുവാനില്ല. മറിച്ച് കരുതിയാൽ നിങ്ങൾക്ക് എല്ലാം നഷ്ടപ്പെടും.

*(ദ ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന ഗ്രന്ഥത്തിൽ നിന്ന്)*

ശുദ്ധീകരിപ്പാൻ നീതിമാനും വിശ്വസ്തനുമാണ്' എന്നുള്ള വേദവാക്യം എന്റെ ശ്രദ്ധയിൽ വന്നു. പാപം ക്ഷമിക്കുമെന്നുള്ളത് ഞാൻ ഇതിനു മുമ്പ് അറിഞ്ഞിട്ടുള്ളതാണ്. ശുദ്ധീകരിക്കുമെന്നുള്ള പദം പ്രത്യേകം എന്റെ ശ്രദ്ധയിൽ വന്നു. ഞാൻ എന്റെ തല വണക്കി. "പിതാവേ! ഞാൻ ഇതു വിശ്വസിക്കുന്നു" എന്നു പറഞ്ഞു. എന്റെ ഹൃദയത്തിൽ ഞാൻ അറിയാത്തതായ ഒരു സ്വസ്ഥത അനുഭവമായി. ദൈവം എന്നെ ശുദ്ധീകരിച്ചു എന്നു ഞാൻ അറിഞ്ഞു. "നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്ക്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ "നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും." (എബ്രാ.9:14).

യിസഹാക്കിനെ യാഗം കഴിപ്പാൻ അബ്രഹാം കത്തി ഓങ്ങിയപ്പോൾ ദൈവം അതു യാഗമായി സ്വീകരിച്ചു. എവിടെയും ആരോടും എന്റെ കുറ്റങ്ങളെ ഏറ്റുപറയുന്നതിന് ഞാൻ സന്നദ്ധനായിത്തീർന്നപ്പോൾ അപ്രകാരം ചെയ്യുന്നതിന് മുമ്പുതന്നെ ദൈവം എന്നെ അനുഗ്രഹിച്ചു. എന്റെ ഹൃദയത്തിൽ വിഗ്രഹമായി പ്രതിഷ്ഠിച്ചിരുന്ന സ്വയത്തെ ക്രൂശിച്ചപ്പോൾ എനിക്ക് പ്രതിഷ്ഠിക്കാൻ മനസ്സില്ലാതെ ഒന്നും തന്നെ ഞാൻ മറച്ചുവെച്ചിട്ടില്ല എന്ന് ദൈവം അറിഞ്ഞു. ദൈവം എന്റെ ഹൃദയത്തെ സമാധാനംകൊണ്ടു നിറച്ചു.

(അവസാനിച്ചു)

ധ്യാനചിന്തകൾ

# മരണത്തിനപ്പുറം

**തെളിഞ്ഞ** ഒരു പ്രഭാതമായിരുന്നു അത്.

പതഞ്ഞൊഴുകുന്ന നയാഗ്രാ നദി അതിഭയാനകമായ അലർച്ചയോടെ ആയിരക്കണക്കിന് അടി താഴെയുള്ള പാറക്കെട്ടുകളിലേക്കു തല്ലി അലച്ചു വീഴുന്നു. വിശ്വപ്രസിദ്ധമായ ഈ നയാഗ്രാ വെള്ളച്ചാട്ടത്തിനു മുകളിൽ ഇരുകരകളേയും ബന്ധിച്ചുകൊണ്ട് 1,100 അടി നീളം വരുന്ന ഒരു വടം വലിച്ചുകെട്ടിയിരിക്കുകയാണ്.

ഉയരത്തിൽ കയറിനു മുകളിലൂടെ നടക്കുന്നതിൽ ഏറ്റവും കൂടുതൽ പ്രസിദ്ധിനേടിയിട്ടുള്ള അഭ്യാസി ചാൾസ് ബ്ലോണ്ടിൻ അന്ന് നയാഗ്രാ വെള്ളച്ചാട്ടത്തിനു മുകളിലൂടെ വടത്തിന്മേൽ നടന്ന് അക്കരെ ഇക്കരെ പോകും എന്ന അത്യാപൽക്കരമായ പ്രകടനം കാഴ്ച വയ്ക്കുകയാണ്. ചരിത്രപ്രധാനമായ ഈ മുഹൂർത്തത്തിനു സാക്ഷ്യം വഹിക്കാൻ പതിനായിരക്കണക്കിന് ആളുകൾ നയാഗ്രയുടെ ഇരു കരകളിലും തടിച്ചുകൂടിയിരിക്കുന്നു. ടൊറന്റോയിൽ നിന്നും മറ്റും സ്പെഷ്യൽ ട്രെയിനുകളിൽ വലിയ ജനക്കൂട്ടം പിന്നേയും അങ്ങോട്ട് ഒഴുകിയെത്തുകയാണ്. തീയതി : ജൂൺ 30, 1858. ജനങ്ങൾ വീർപ്പടക്കി നോക്കിനിൽക്കെ ഒടുവിൽ പ്രകടനം ആരംഭിച്ചു. ബാലൻസിനുവേണ്ടി 40 പൗണ്ട് ഭാരമുള്ള ഒരു വടി കുറുകെപ്പിടിച്ച് ചാൾസ് ബ്ലോണ്ടിൻ വടത്തിനു മുകളിലൂടെ അടിവച്ചടിവച്ചു നടക്കാൻ തുടങ്ങി. ജനസമുദ്രം ഉൽക്കണ്ഠയോടെ അതു കണ്ടു നിന്നു. എങ്ങും സൂചി വീണാൽ കേൾക്കാവുന്ന നിശബ്ദത. ഒടുവിൽ ബ്ലോണ്ടിൻ വിജയസ്മിതത്തോടെ മറുകരയെത്തിയപ്പോൾ താഴെ ജനം ഹർഷാരവം മുഴക്കി. നയാഗ്രയുടെ ഭയാനകമായ അലർച്ചപോലും ആ ആഹ്ലാദാരവങ്ങളിൽ മുങ്ങിപ്പോയി.

താഴെ കാത്തുനിൽക്കുന്ന ജനസഞ്ചയത്തെ നോക്കി കൈവീശിയ ശേഷം ബ്ലോണ്ടിൻ അതാ പുതിയൊരു നിർദേശം മുന്നോട്ടു വയ്ക്കുകയായി– ചുമലിൽ കാണികളിലൊരാളെയും വഹിച്ചുകൊണ്ട് താൻ വടത്തിലൂടെ മറുകരയ്ക്കു പോകാം. പക്ഷേ ആരായിരിക്കും അതിനു തയാറാവുക? ആളുകൾ അന്യോന്യം ചോദിച്ചു.

“താങ്കളെ അക്കരെ കൊണ്ടുപോകാൻ ഞാൻ പ്രാപ്തനാണെന്നു താങ്കൾ വിശ്വസിക്കുന്നുണ്ടോ?”– ചാൾസ് ബ്ലോണ്ടിൻ കാണികളിൽ ധീരനെന്നു തോന്നിയ ഒരാളോടു ചോദിച്ചു.

“തീർച്ചയായും”

“അങ്ങനെയെങ്കിൽ താങ്കളെ ചുമലിലേറ്റി ഞാൻ അക്കരെയ്ക്കു പോകാം”.

ബ്ലോണ്ടിൻ സന്നദ്ധത പ്രകടിപ്പിച്ചു.

“പക്ഷേ അത് അപകടകരമല്ലേ? ഞാനെന്റെ ജീവനെ പന്താടാൻ തയാറല്ല”. അയാൾ മെല്ലെ ആൾക്കൂട്ടത്തിനിടയിൽ മുങ്ങി. “ശരി താങ്കൾ എന്തു പറയുന്നു?'' ബ്ലോണ്ടിൻ ഇക്കുറി ചോദിച്ചതു തന്റെ മാനേജർ ഹെൻറി കോൾകോർഡിനോടാണ്. ‘‘താങ്കളെ അക്കരെ കൊണ്ടുപോകാൻ ഞാൻ പ്രാപ്തനാണെന്നു താങ്കൾ വിശ്വസിക്കുന്നുണ്ടോ?''- ചാട്ടുളി പോലെ ഒരു ചോദ്യം.

ഉത്തരവും അങ്ങനെതന്നെയായിരുന്നു: ‘‘ഞാൻ വിശ്വസിക്കുന്നു. സത്യത്തിൽ അക്കാര്യത്തിൽ എനിക്കു തെല്ലും സംശയമില്ല. ”

“താങ്കൾ എന്നെ ഉത്തമവിശ്വാസത്തോടെ നിങ്ങളെത്തന്നെ ഏല്പിക്കാൻ തയാറാണോ?”

“തയാറാണ്”

വീണ്ടും ശ്വാസം അടക്കിപ്പിടിച്ച് ജനം ആ കാഴ്ച കണ്ടു നിന്നു. 38 അടി നീളമുള്ള കമ്പ് കയ്യിൽ കുറകെപ്പിടിച്ച് ഹെൻറിയെ ചുമലിൽ വഹിച്ച് ബ്ലോണ്ടിൻ മറുകരയ്ക്ക് വടത്തിലൂടെ അടിവച്ചു നീങ്ങുകയായി. അവരുടെ ഭാരംകൊണ്ട് താഴെ വടം വലിഞ്ഞുമുറുകി നിന്നു. ഓരോ അടിയായി, പക്ഷേ വ്യക്തമായ ചുവടുവയ്പുകളോടെ, അറയ്ക്കാതെ മെല്ലെ മെല്ലെ ബ്ലോണ്ടിൻ നടക്കുകയാണ്. എന്തൊരു ആത്മവിശ്വാസം! ഒടുവിൽ അവർ വടത്തിന്റെ മധ്യഭാഗത്ത് എത്തി. താഴെ ഇരച്ചാർത്തു വീഴുന്ന വെള്ളച്ചാട്ടം. അവിടെ നിന്നു ജലകണങ്ങൾ മൂടൽമഞ്ഞുപോലെ ഉയരുന്നു. അവയ്ക്കിടയിലൂടെ വെള്ളച്ചാട്ടം വന്നു പതിക്കുന്ന കരിമ്പാറക്കെട്ടുകൾ അവ്യക്തമായി കാണാം. ഭയാനകമായ ഈ ദൃശ്യങ്ങൾക്കു മുകളിൽ മധ്യാകാശത്തിലെന്നവണ്ണം അവർ! ജനം ഭയത്തോടെ ആ കാഴ്ച നോക്കിനിന്നു. വീണ്ടും മുന്നോട്ട്. അവർ മെല്ലെ മറുകരയെ സമീപിക്കുകയാണ്. പെട്ടെന്ന് അപകടരേഖ കടന്ന് ഓടിവന്ന കാണികളിലൊരാൾ വടം വലിച്ചുകെട്ടിയിരുന്ന തൂണുകളിലൊന്നിൽ അറിയാതെ മുട്ടി. തൂണ് കുലുങ്ങി. വലിഞ്ഞുനിന്ന വടം ഭയാനകമായ നിലയിൽ അങ്ങോട്ടും ഇങ്ങോട്ടും ആടുവാൻ തുടങ്ങി. എന്തും സംഭവിക്കാവുന്ന നിമിഷം... ആളുകൾ അന്തം വിട്ടു. ഉൽക്കണ്ഠ അതിന്റെ പരകോടിയിലെത്തി. ബ്ലോണ്ടിൻ ഹെൻറിയെ വിളിച്ചു “ ഹെൻറി, ഇത് അപകടകരമായ നിമിഷമാണ്, ഇതിനെ മറികടക്കാൻ ഒരു മാർഗ്ഗമേയുള്ളു. നിങ്ങൾ എന്റെ ശരീരത്തിന്റെ ഒരു ഭാഗമാണെന്നു കരുതുക. നിങ്ങൾ ഇനി ഹെൻറിയല്ല, ബ്ലോണ്ടിൻ തന്നെയാണ്. എന്റെ ഒരു ഭാഗം. ഞാൻ ആടുകയാണെങ്കിൽ എന്നോടൊപ്പം ആടുക. സ്വയം ബാലൻസു പിടിക്കാൻ ശ്രമിക്കരുത്. അങ്ങനെ ചെയ്താൽ നാം ഇരുവരും താഴെ വീണു തവിടുപൊടിയാകും. സമ്മതിച്ചോ?” ഹെൻറി അതു സമ്മതിച്ചു അദ്ദേഹത്തിനു ബ്ലോണ്ടിനെ വിശ്വാസമായിരുന്നു. പെട്ടെന്ന് വടം അതിഭയാനകമായി ഇരുവശത്തേക്കും ആടുന്നതിനിടയിൽ ബ്ലോണ്ടിൻ വടത്തിലൂടെ മറുകരയിലേക്ക് ഓടുവാൻ തുടങ്ങി. എങ്ങനെയാണു ബ്ലോണ്ടിനു ബാലൻസു കിട്ടിയത്? ആർക്കും അറിയില്ല. പക്ഷേ അദ്ദേഹം അതു സാധിച്ചു. ആളുകളെ ഉൽക്കണ്ഠയുടെ മുൾമുനയിൽ നിർത്തിക്കൊണ്ട് ബ്ലോണ്ടിൻ അവസാന ചുവടും വച്ചു. അവർ സുരക്ഷിതരായി അക്കരെയെത്തി.

കാണികളുടെ ആവേശം അണമുറിഞ്ഞു. പിരിമുറക്കം അയഞ്ഞു. ഉൽക്കണ്ഠ ആഹ്ലാദത്തിനു വഴിമാറി.

പിന്നീടു പല അഭ്യാസികളും ഈ മട്ടിൽ നയാഗ്രയ്ക്കു മുകളിലൂടെ കയറിൽ നടന്നിട്ടുണ്ട്. പക്ഷേ ചാൾസ് ബ്ലോണ്ടിനും ഹെൻറി കോൾകോർഡും സമ്മാനിച്ച ഉദ്വേഗജനകമായ ആ മുഹൂർത്തം പിന്നീട് ഇതുവരെയാർക്കും നൽകാൻ കഴിഞ്ഞിട്ടില്ല.

ഈ സംഭവം തന്റെ ഒരു ലേഖനത്തിൽ പ്രശസ്ത ക്രിസ്തീയ എഴുത്തുകാരൻ ഓസ്വാൾഡ് ജെ. സ്മിത്ത് ഭംഗിയായി വിവരിക്കുന്നുണ്ട്. തുടർന്ന് അദ്ദേഹം അതിൽ നിന്ന് മരണവും ജീവിതവുമായി ബന്ധപ്പെട്ട് ഒരു സന്ദേശം ഇങ്ങനെ നൽകുന്നു. നയാഗ്രാനദി അമേരിക്ക, കാനഡ എന്നീ രണ്ടു രാജ്യങ്ങൾക്കിടയിലുള്ള ഒരു പിളർപ്പാണ്. അഗാധ ഗർത്തം. ഇതു മരണത്തെയാണു കുറിക്കുന്നത്. മരണം വാസ്തവത്തിൽ എന്താണ്? നമ്മുടെ ഇപ്പോഴത്തെ ജീവിതത്തിനും നമ്മുടെ മരണാനന്തര ജീവിതത്തിനും ഇടയിലുള്ള ഭയാനകമായ ഒരു പിളർപ്പാണത്. ഇപ്പോഴത്തെ ജീവിതം, മരണാന്തരജീവിതം എന്നീ രണ്ടു കരകളെ മരണം വേർതിരിക്കുന്നു. എന്നാൽ ചാൾസ് ബ്ലോണ്ടിൻ അക്കരെയിക്കരെ കടന്നതുപോലെ മരണം കുറുകെകടന്ന് ഈ ജീവിതത്തിൽ നിന്നു മരണാനന്തരജീവിതത്തിലേക്കും അവിടെ നിന്നു തിരിച്ചും നിർഭയം യാത്ര ചെയ്ത ഒരാൾ ചരിത്രത്തിലുണ്ട്. - അതു ജീസസാണ്. നയാഗ്ര കുറുകെ കടന്ന് ആളുകളുടെ അംഗീകാരം നേടിയശേഷം ചാൾസ് ബ്ലോണ്ടിൻ അന്ന് ഒരു വാഗ്ദാനം നൽകിയത് ഓർക്കുന്നുണ്ടല്ലോ. തന്നെ വിശ്വസിച്ച് ആശ്രയിക്കുന്ന ആരെയും നിരപായം അക്കരെയെത്തിക്കാം. ആരും തയ്യാറായില്ല. ഹെൻറി കോൾകോർഡ് ഒഴികെ. അതുപോലെ, വടം ഭയാനകമായി ആടിയുലഞ്ഞ സന്ദർഭത്തിൽ ഹെൻറിക്ക് സാധാരണ ആശ്രയവും വിശ്വാസവും പോരായിരുന്നു. ചാൾസ് ബ്ലോണ്ടിന്റെ ശരീരത്തിന്റെ ഭാഗമെന്ന നിലയിൽ അവൻ മാറേണ്ടതുണ്ടായിരുന്നു. അത്തരം ഒരു പൂർണ്ണ സമർപ്പണമാണ് ഹെൻറിയെ രക്ഷിച്ചത്.

ഓസ്വാൾഡ് ജെ. സ്മിത്ത് തുടർന്നു പറയുന്നു: ചാൾസ് ബ്ലോണ്ടിനെപ്പോലെ ഇന്നു ജീസസും ആളുകളെ ക്ഷണിക്കുന്നു: "വരൂ ഞാൻ നിങ്ങളെ നിരപായം മരണത്തിനപ്പുറം എത്തിക്കാം. എനിക്കതു കഴിയും. കാരണം ഞാൻ മരണത്തെ ജയിച്ച് മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റവനാണ്. ഭയപ്പെടേണ്ട. ഞാൻ മരിച്ചവനായിരുന്നു. എന്നാൽ ഇതാ എന്നേക്കും ജീവിച്ചിരിക്കുന്നു. മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ എന്റെ കൈവശമുണ്ട്. വിശ്വാസത്തോടെ എന്നിൽ ആശ്രയിച്ചാൽ മാത്രം മതി. മറ്റൊന്നും ആവശ്യമില്ല. ഞാൻ അക്കരെയെത്തിക്കാം." പക്ഷേ ഈ ആഹ്വാനം എത്രപേർ സ്വീകരിക്കുന്നു? ഹെൻറിയെപ്പോലെ ഈ വാക്കുകൾ വിശ്വസിക്കാൻ എത്രപേർക്കു കഴിയും? വാസ്തവത്തിൽ മരണഭയമാണ് ഇന്നു പലരുടെയും പ്രശ്നം. എന്നാൽ മരണത്തെ ജയിച്ച ഒരുവനുമാത്രമല്ലേ നിങ്ങളുടെ മരണഭയം മാറ്റുവാൻ കഴിയുകയുള്ളു?

❖

ചിന്തയ്ക്ക്

## കർത്താവിനോടുള്ള ആദ്യസ്നേഹം നഷ്ടപ്പെടരുത് - 3

# മനുഷ്യന്റെ അംഗീകാരം നമുക്കെന്തിന്?

(കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച....)

തന്നെക്കുറിച്ചും കർത്താവിനു വേണ്ടി താൻ ചെയ്യുന്ന വേലയെക്കുറിച്ചും ഉന്നതചിന്തയുള്ള ഒരു ഭൃത്യനെ ദൈവം എങ്ങനെയാണു താഴ്ത്തുന്നത്?

തന്റെ സ്വന്തഹൃദയത്തിലും തന്റെ സഭയിലും ജഡികത്വം കണ്ടെത്തുവാൻ അയാൾ ആരംഭിക്കും. തന്റെ ചിന്താജീവിതത്തിലും പണത്തോടുള്ള സ്നേഹത്തിലും താൻ പരാജയമടഞ്ഞവനാണെന്ന കാര്യം അയാൾ മനസ്സിലാക്കും. സഭയിലുള്ള ചില സഹോദന്മാർ തമ്മിൽ ഉരസ്സലുണ്ടാകും. സഭയിലുള്ള ഒട്ടനേകം പേരുടെ കുടുംബ ജീവിതം അധഃപതിക്കുവാനാരംഭിക്കും. അനേക വർഷത്തെ സഭാജീവിതത്തിനുശേഷവും സഭയിൽ പ്രവചനത്തിന്റെ ആത്മാവ് ഇല്ലാതെയാകും. സഭായോഗങ്ങൾ വിരസവും മുഷിപ്പനുമാകും. ഏറ്റവും മുകളിലുള്ള ഒരൊറ്റ മൂപ്പനൊഴികെ സഭയിൽ മറ്റാരും നേതൃസ്ഥാനത്തേക്കു വരാനില്ലാതെയാകും.

ഇതെല്ലാം കണ്ടിട്ട് തന്നിലോ തന്റെ സഭയിലോ ആത്മീയമായ അന്തസ്സാരമില്ലെന്ന കാര്യം മൂപ്പൻ മനസ്സിലാക്കുവാൻ തുടങ്ങും. ഒരു പക്ഷേ അദ്ദേഹത്തിന്റെ സഭ ആത്മീയമായിട്ടല്ലെങ്കിലും സംഖ്യയിൽ വർദ്ധിച്ചുവെന്നു വരാം. എന്നാൽ ആത്മീയമരണത്തിന്റെ എല്ലാ ലക്ഷണങ്ങളും അവിടെ പ്രകടമായിരിക്കും.

ഇത്തരം കാര്യങ്ങൾ കണ്ടെത്തുവാൻ അനേക വർഷക്കാലം നാം കാത്തിരിക്കണമെന്നില്ല. നമ്മിൽത്തന്നെയും നമ്മുടെ സഭയിലും ഇമ്മാതിരി കാര്യങ്ങൾ വളരെ വേഗത്തിൽത്തന്നെ കണ്ടെത്തുവാനുള്ള വിവേചനശക്തി നമുക്കു നൽകുവാൻ ദൈവത്തിനു കഴിയും. എന്നാൽ നാം ദൈവത്തിൽ നിന്നുള്ള ബഹുമതി മാത്രം അന്വേഷിക്കുകയും മനുഷ്യരിൽനിന്നുള്ള മാനത്തെപ്പറ്റി ഗൗനിക്കാതിരിക്കുകയും ചെയ്താൽ മാത്രമേ ഈ വിവേചനം ദൈവം നൽകുകയുള്ളൂ.

സഭ ആത്മീയമായി വളർച്ച പ്രാപിക്കുന്നില്ലെങ്കിൽ കേവലം സംഖ്യാപരമായ അതിന്റെ വളർച്ചയിൽ ദൈവം സംതൃപ്തനല്ലെന്നു നാമോർക്കണം.

കൊരിന്തിലെ വിശ്വാസികളോട് അവരുടെ ജഡികജീവിതം മൂലം ദൈവം തന്നെ താഴ്ത്തുവാനിടയായേക്കുമെന്നു പൗലൊസ് പറഞ്ഞു (2 കൊരി.12: 20,21 വായിക്കുക). കൊരിന്ത്യരുടെ ജഡികസ്വഭാവം നിമിത്തം പൗലൊസിന് അപമാനബോധമുണ്ടായത് എന്തുകൊണ്ട്?

കാരണം മറ്റൊന്നുമല്ല, പൗലൊസ്

**നാം നമ്മുടെ മക്കളെ നമ്മുടെ തന്നെ മഹത്വ ത്തിനു വേണ്ടിയോ അതോ ദൈവമഹത്വത്തിനുവേ ണ്ടിയോ വളർത്തുന്നത്? തീർച്ചയായും നമ്മുടെ മക്കളെ അവർ പൂർണ്ണഹൃദയ ത്തോടെ ദൈവത്തെ സ്നേഹിക്കുന്ന ക്രിസ്ത്യാനി കളായിത്തീരുമാറ് വളർത്തു വാൻ നാമെല്ലാം ആഗ്രഹി ക്കുന്നു. എന്നാൽ അതു ദൈവം കണ്ടാൽ പോരേ? ദൈവം അതു കണ്ടിട്ടുണ്ടെ ങ്കിൽ പിന്നെ ഏതെങ്കിലും മനുഷ്യന്റെ അംഗീകാരം നമു ക്കെന്തിന്?**

അവരുടെ ആത്മീയപിതാവായിരുന്നു. മക്കളുടെ ആത്മീയാവസ്ഥയ്ക്ക് പിതാക്കന്മാരെ ഉത്തരവാദികളായി ദൈവം വീക്ഷിക്കുന്നു.

നമ്മുടെ സഭയിൽ ജഡികത്വം നാം കണ്ടെത്തുമ്പോൾ നേതൃത്വം വഹിക്കുന്നവരായ നമ്മുടെ തന്നെ പരാജയം ദൈവം നമുക്കു കാണിച്ചുതരികയാണു ചെയ്യുന്നത്. ആ സമയത്തു മറ്റു സഹോദരീസഹോദരന്മാരെ കുറ്റപ്പെടുത്തുന്നതിനു പകരം നാം തന്നെ സ്വയം താഴ്ത്തുകയാണ് ചെയ്യേണ്ടത്. നമ്മുടെ മക്കളിൽ നാം ലോകമയത്വം കാണുമ്പോൾ പിതാക്കന്മാരെന്ന നിലയിലുള്ള നമ്മുടെ പരാജയം ദൈവം നമുക്കു കാണിച്ചുതരികയാണ് ചെയ്യുന്നത്. മക്കളെ കുറ്റപ്പെടുത്തുന്നതിനു പകരം അവിടെ സ്വയം താഴ്ത്തുകയാണ് നാം ചെയ്യേണ്ടത്.

നാം കൂലിക്കാരാണെങ്കിൽ സഹോദരീസഹോദരന്മാരുടെ പരാജയം കാണുമ്പോൾ നാം അവരെ വിമർശിക്കും. എന്നാൽ നാം ദൈവഭക്തരാണെങ്കിൽ സ്വയം താഴ്ത്തുകയും "കർത്താവേ, ഞാൻ പരാജയമടഞ്ഞിരിക്കുന്നു. എന്നോടു ക്ഷമിക്കണമേ" എന്നു പ്രാർത്ഥിക്കുകയും ചെയ്യും.

പൗലൊസിന് ഒരു വലിയ കർത്തവ്യഭാരമുണ്ടായിരുന്നു. താൻ ക്രിസ്തുവിങ്കലേക്കു നയിച്ച വിജാതീയ ജനങ്ങൾ "ദൈവത്തിന് ഒരു നിർമ്മലവഴിപാടായിത്തീരുമാറു വിശുദ്ധീകരിക്കപ്പെട്ടവരാകണം'' എന്നതായിരുന്നു ആ ഭാരം (റോമർ15:15).

പഴയ ഉടമ്പടിയിൻ കീഴിൽ ജനങ്ങൾ കൊണ്ടുവരുന്ന ഏതു യാഗവസ്തുവും ഊനമില്ലാത്തതായിരിക്കുന്നുവോ എന്നു പരിശോധിക്കേണ്ട ചുമതല പരോഹിതന് ഉണ്ടായിരുന്നു (ആവർ.17:1). അതു പുരോഹിതന്റെ ഉത്തരവാദിത്വമായിരുന്നു. ഏതെങ്കിലും തരത്തിൽ അംഗഹീനമോ വികലമോ ആയതിനെ ദൈവത്തിന് അർപ്പിക്കുവാൻ അയാൾക്കു സാധ്യമല്ല. (അതു ദൈവത്തിന്റെ ദൃഷ്ടിയിൽ എത്ര ഗൗരവാവഹമായ പാപമായിരുന്നു എന്നു കാണുവാൻ മലാഖി 1, 2 അദ്ധ്യായങ്ങൾ വായിക്കുക).

ഇപ്പോൾ പുതിയ ഉടമ്പടിയിൻ കീഴിൽ സഭയിൽ തന്റെ സേവനത്തിനായി ദൈവം വിളിക്കുന്ന എല്ലാവർക്കും അതേ ചുമതലയാണുള്ളത്. അവർ ദൈവത്തിനു സമർപ്പിക്കുന്ന ജനങ്ങൾ അവിടുത്തേക്കു സ്വീകാര്യരായിരിക്കണം. അതുകൊണ്ടാണ് ''ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തുവാൻ'' പൗലൊസ് കഠിനാ

ദ്ധ്വാനം ചെയ്തത് (കൊലോ. 1:28).

ക്രിസ്തുവിന്റെ ന്യായാസന ത്തിനു മുമ്പിൽ എല്ലാ കാര്യങ്ങളും വെളിവായിത്തീരും. ആ ദിവസത്തിൽ നമ്മുടെ എല്ലാ അദ്ധ്വാനങ്ങളും ഉപ രിപ്ലവവും ജഡികവുമാണെന്നു കാണപ്പെടുന്നപക്ഷം നാം ദൈവ ത്തിനുവേണ്ടി ഒരു വലിയ പ്രവൃത്തി ചെയ്യുന്നവരാണെന്നു സകലരും ചിന്തിച്ചാൽ തന്നെയും എന്താണ് അതുകൊണ്ടൊരു പ്രയോജനം? സർദ്ദിസിലെ സഭയുടെ മൂപ്പനും മനു ഷ്യരുടെ ബഹുമതിയാൽ സംതൃപ്ത നായിത്തീരുമാറു ബുദ്ധിഹീനനായി രുന്നു.

നമ്മുടെ മക്കളിൽക്കൂടെ നമുക്കു തന്നെ ഒരു പേരു സമ്പാദിക്കുവാൻ നാം ആഗ്രഹിക്കുന്നുവോ? ഒരു പക്ഷേ അവർ നല്ലവണ്ണം മുമ്പോട്ടു പോകുന്നുണ്ടായിരിക്കാം. എങ്കിൽ അതിനായി ദൈവത്തെ സ്തുതിക്കു ക. അതുമൂലം നമുക്ക് കുറച്ചൊരു ബഹുമതി ലഭിക്കുമാറ് മറ്റുള്ളവർ അതു മനസ്സിലാക്കണമെന്നു നാം ആഗ്രഹിക്കുന്നുണ്ടോ? നാം എത്ര നല്ല പിതാക്കന്മാരായിരുന്നുവെന്ന് മറ്റുള്ളവർ അറിയണമെന്നു നാം ആഗ്രഹിക്കുന്നുവോ? നാം നമ്മുടെ മക്കളെ നമ്മുടെ തന്നെ മഹത്വ ത്തിനു വേണ്ടിയോ അതോ ദൈവമ ഹത്വത്തിനുവേണ്ടിയോ വളർത്തു ന്നത്?

തീർച്ചയായും നമ്മുടെ മക്കളെ അവർ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുന്ന ക്രിസ്ത്യാനികളായിത്തീരുമാറ് വളർത്തുവാൻ നാമെല്ലാം ആഗ്രഹി ക്കുന്നു. എന്നാൽ അതു ദൈവം കണ്ടാൽ പോരേ? ദൈവം അതു കണ്ടിട്ടുണ്ടെങ്കിൽ പിന്നെ ഏതെ ങ്കിലും മനുഷ്യന്റെ അംഗീകാരം നമു ക്കെന്തിന്?

നമ്മുടെ മക്കൾ ലൗകികരാ ണെന്ന് മറ്റുള്ളവർ ചിന്തിച്ചെന്നു വ ന്നാൽ തന്നെ അതിലെന്തു ഹാനി? അന്തിമമായി ദൈവത്തോടു മാത്രമാ ണല്ലോ നാം ഉത്തരം പറയേണ്ടത്.

നമ്മെയും നമ്മുടെ സഭകളെയും കുറിച്ച് വിനയപൂർവ്വമായ ഒരു ധാരണമാത്രം നമുക്കുണ്ടായിരിക്കു ന്നത് എപ്പോഴും നല്ലതാണ്.

നമ്മുടെ അദ്ധ്വാനഫലം മറ്റുള്ള വർക്കു കാണിച്ചുകൊടുക്കുവാൻ നമ്മുടെ ജഡത്തിൽ വലിയ മോഹ മുണ്ട്. ആ മോഹത്തെ നാം മരിപ്പി ക്കുന്നില്ലെങ്കിൽ സാത്താൻ എപ്പോഴും നമ്മെക്കൊണ്ടു മുതലെ ടുക്കും. ഏതെങ്കിലും ഒരു സഭാനേ താവിന്റെ ഹൃദയത്തിൽ തനിക്കുവേ ണ്ടിത്തന്നെ ഒരു പേരെടുക്കുവാനുള്ള ഏറ്റവും ലഘുവായ ആഗ്രഹം പോലും സാത്താൻ കാണുമ്പോൾ അവൻ അതുകൊണ്ടു മുതലെടുക്കു കയും അയാൾ ശിഷ്യത്വത്തെയും വിശുദ്ധിയെയും ക്രിസ്തുവിന്റെ ശരീരത്തെയും പറ്റി പ്രസംഗിക്ക യിൽത്തന്നെ അയാളെ വഞ്ചിക്കു കയും ചെയ്യും.

അത്തരമൊരു മൂപ്പൻ പണിയു ന്നതു ബാബിലോണിന്റെ ശാഖയാ യിത്തീരുന്ന ഒരു സഭയായിരിക്കും.

നമുക്കൊരു പേരുണ്ടാക്കുവാൻ ശ്രമിക്കുന്നവരാണ് നാമെങ്കിൽ ക്രിസ്തുവിന്റെ ശരീരം പണിയു വാൻ നമുക്ക് അസാധ്യം തന്നെ. മനുഷ്യരുടെ ഇടയിലുള്ള പേരിനോ പ്രശസ്തിക്കോ വേണ്ടി യാതൊരു താൽപര്യവുമില്ലാത്ത ഒരുവനു മാത്രമേ പുതിയനിയമസഭയെ പണി യുവാൻ സാധ്യമാവുകയുള്ളു.

ഇടുങ്ങിയ വാതിലിനെ സൂചിക്കു ഴയെക്കാൾ അല്പമെങ്കിലും വലുതാ

*(ശേഷം പേജ് 31 ൽ)*



തിരുവെഴുത്തുകളെ പരിശോധിക്കുക

*ബൈബിളിലൂടെ........*

എബ്രായലേഖനം

# അവിശ്വാസം എന്ന തിന്മ

**"ഇ**ന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" എന്നൊരു മുന്നറിയിപ്പ് എബ്രായർ 3:7 ൽ നാം കാണുന്നു. തുടർന്ന് 3:12 ൽ "അവിശ്വാസമുള്ള ഒരു ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കെങ്കിലും ഉണ്ടായി എന്നു വരാതിരിപ്പാൻ നാം ഭയപ്പെടുക" എന്നും പറഞ്ഞിരിക്കുന്നു. ഈ വിശുദ്ധ വിളിയിൽ പങ്കാളികളായ ആർക്കും തന്നെ യേശു തങ്ങൾക്കു സദൃശമായ ഒരു ജഡത്തിലായിരുന്നു ജീവിച്ചതെന്ന കാര്യത്തിൽ അവിശ്വാസമുള്ള ഒരു ഹൃദയം



*നാളെ എന്തു സംഭവിക്കും എന്നു നമുക്കറിഞ്ഞു കൂടാ. എന്നാൽ ഇന്നു നമുക്ക് ആരെയെങ്കിലും ഉത്സാഹിപ്പിക്കാം.*

ഉണ്ടാകരുത് . ഇക്കാര്യത്തിൽ അവിശ്വാസമുള്ള ഒരു ദുഷ്ടഹൃദയം എന്ന തിന്മയിൽ ചെന്ന് അവസാനിക്കാതിരിക്കുവാൻ നാം ഭയപ്പെടുക എന്നാണ് എബ്രായലേഖനകാരൻ മുന്നറിയിപ്പു നൽകുന്നത്.

പരാജയപ്പെട്ട നിങ്ങളുടെ ജീവിതത്തെക്കുറിച്ചു നിങ്ങൾക്കു മടുപ്പു വന്ന ശേഷം മാത്രമേ 'യേശു നിങ്ങൾക്ക് മാതൃകയായി വന്നു' എന്ന കാര്യത്തിൽ ദൈവം നിങ്ങൾക്കു വെളിപ്പാടു നൽകുകയുള്ളൂ. ഒരിക്കൽ ഞാൻ തികച്ചും പരാജിതനായ ഒരു ക്രിസ്ത്യാനിയായിരുന്നു. എന്റെ പരാജയത്തിൽ ഞാൻ മടുക്കുകയും ക്ഷീണിക്കുകയും ചെയ്തിരുന്നു. ഞാൻ രാവും പകലും ഇങ്ങനെ ദൈവത്തോടു കരഞ്ഞുകൊണ്ടിരുന്നു:

"ദൈവമേ, എന്താണിതിനൊരു പരിഹാരം? ഞാൻ ഒരു പ്രസംഗകനാണ്. പക്ഷേ എന്റെ ഉള്ളിൽ ഞാൻ പാപത്താൽ തളർന്നിരിക്കുന്നു എന്റെ ചിന്തകളിൽ, എന്റെ വാക്കുകളിൽ, എന്റെ കുടുംബ ജീവിതത്തിൽ ആകെ ഞാൻ പരാജിതനാണ്. ഞാൻ വീണ്ടും ജനിച്ചവനാണ്. വിശ്വാസ സ്നാനമേറ്റിട്ടുണ്ട്. പക്ഷേ ജീവിതത്തിൽ ഞാൻ പരാജിതനാണ്. എനിക്ക് എവിടെയാണു കുഴപ്പം സംഭവിച്ചതെന്ന് എന്നെ കാണിച്ചു തരേണമേ" അപ്പോഴാണു ദൈവം എന്നെ ദൈവഭക്തിയുടെ മർമ്മം എന്താണെന്നു കാണിച്ചുതന്നത്. ക്രിസ്തു ജഡത്തിൽ വന്നു, എന്നെപ്പോലെ പരീക്ഷിതനായി; എങ്കിലും നിർമ്മലനായി ജീവിച്ചു. അതു ഞാൻ പൂർണ്ണ ഹൃദയത്തോടെ വിശ്വസിച്ചു. അത് എന്റെ ജീവിതത്തെ ആകെ മാറ്റി. അവിശ്വസിച്ചാൽ ദൈവത്തിൽ നിന്നും നാം അകന്നു പോകും എന്ന് ഇവിടെ മുന്നറിയിപ്പ് നൽകപ്പെട്ടിരിക്കുന്നു (3:12).

നാം വീണുപോകാതിരിക്കുവാനുള്ള ഒരു വഴി അടുത്ത വാക്യത്തിൽ കാണിച്ചിരിക്കുന്നു: എല്ലാ ദിവസവും പരസ്പരം ഉത്സാഹിപ്പിക്കുക. "ഇന്ന്" എന്നു വിളിക്കാവുന്ന ഒരു ദിവസമുള്ളിടത്തോളം പരസ്പരം ഉത്സാഹിപ്പിക്കുക (3:13) നാളെ എന്തു സംഭവിക്കും എന്നു നമുക്കറിഞ്ഞു കൂടാ. എന്നാൽ ഇന്നു നമുക്ക് എന്തെങ്കിലും ചെയ്യാം. ആരെയെങ്കിലും ഉത്സാഹിപ്പിക്കാം. ഈ അദ്ധ്യായത്തിന്റെ വെളിച്ചത്തിൽ, നമ്മെപ്പോലെ ആയിത്തീർന്ന യേശുവിനെ ശ്രദ്ധിച്ചു നോക്കുവാൻ ആരെയെങ്കിലും ഉത്സാഹിപ്പിക്കാം. നമ്മുടെ വിളി യേശുവിനെ ഉയർത്തുവാനാണ്. ഓരോ ദിവസവും നമ്മുടെ വാക്കുകൊണ്ടും പെരുമാറ്റം കൊണ്ടും "യേശുവിനെ ശ്രദ്ധിക്കുക. എത്ര അത്ഭുത രക്ഷകനാണവൻ! എന്റെ പാപം ക്ഷമിക്കുക മാത്രമല്ല എന്നെ മാറ്റുകയും കൂടി ചെയ്തിരിക്കുന്നു. അവിടുന്ന് എന്റെ കുടുംബജീവിതത്തെ വ്യത്യാസപ്പെടുത്തി. എല്ലായ്പ്പോഴും സന്തോഷിക്കുവാൻ തക്കവണ്ണം കർത്താവിന്റെ സന്തോഷം എനിക്കു നൽകി. മരണഭയം എന്നിൽ നിന്നകറ്റി. ആ യേശുവിനെ ശ്രദ്ധിച്ചു നോക്കുക." നമ്മുടെ ജീവിതം മറ്റുള്ളവർക്ക് എല്ലാ ദിവസവും ഉത്സാഹവും വെല്ലുവിളിയും ആയിത്തീരട്ടെ. ആളുകൾ നിങ്ങളുടെ മുഖത്തേക്കു നോക്കുമ്പോൾ അവിടെ വിളങ്ങുന്ന ദൈവതേജസ് അവർ കാണട്ടെ.

3:13-ലെ മുന്നറിയിപ്പ് ഒരാൾക്ക് ഒരു പിന്മാറ്റക്കാരനാകുവാൻ വെറും 24 മണിക്കൂർ സമയം മതി എന്നാണ്. അതുകൊണ്ടു തന്നെയാണ് എല്ലാദിവസവും അന്യോന്യം ഉത്സാഹിപ്പിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത് ആവശ്യമായിരിക്കുന്നത്.

**സഹോദരന്മാരുടെ സാന്നിദ്ധ്യമില്ലാത്ത നിരവധി സമയങ്ങളിൽ അപ്പൊസ്തലന്മാരാണ് ബൈബിളിന്റെ താളുകളിലൂടെ എനിക്കു സഹായമായിത്തീർന്നത്.**
**ഇപ്രകാരം പത്രോസും പൗലൊസും യോഹന്നാനുമൊക്കെ എന്നും നമ്മുടെ കിടപ്പുമുറിയിൽ നമ്മോടൊപ്പമായിരുന്നു നമ്മെ ഉത്സാഹിപ്പിക്കുവാൻ ഉണ്ടായിരിക്കുന്നതു വളരെ നല്ല കാര്യമല്ലേ? നിങ്ങൾക്ക് എന്തുകൊണ്ടത് അനുഭവമാക്കിക്കൂടാ? നിങ്ങൾ എന്തിനാണ് അവരെ ഇങ്ങനെ ഒരു പുസ്തകത്തിനകത്ത് അടച്ചിട്ടിരിക്കുന്നത്?**

ക്രിസ്തുശരീരത്തിൽ നമുക്ക് പരസ്പരം അങ്ങനെ ഒരു ഉത്തരവാദിത്തമുണ്ട്. "ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനല്ല'' എന്നു കയീൻ പറഞ്ഞു. എന്നാൽ ക്രിസ്തുശരീരത്തിൽ നാം നമ്മുടെ സഹോദരന്മാരുടെയും സഹോദരിമാരുടെയും കാവൽക്കാരാണ്. ആരെങ്കിലും വഴുതി പിന്മാറ്റത്തിലേക്കു പോകുന്നതു കണ്ടാൽ എഴുന്നേൽപ്പിക്കുക. നിങ്ങൾക്ക് കൂട്ടിന്നാരുമില്ല എങ്കിൽ പരിശുദ്ധാത്മാവിനെയും ദൈവവചനത്തേയും ശ്രദ്ധിക്കുക.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന തന്റെ വാക്കുകളാൽ പൗലൊസ് അപ്പൊസ്തലൻ പല പ്രാവശ്യം എന്നെ ധൈര്യപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ പത്രോസും യോഹന്നാനും യാക്കോബും ഒക്കെ എനിക്കു പ്രബോധനവും ഉത്സാഹവും പകർന്നിരിക്കുന്നു. സഹോദരന്മാരുടെ സാന്നിദ്ധ്യമില്ലാത്ത നിരവധി സമയങ്ങളിൽ ഈ അപ്പൊസ്തലന്മാരാണ് ബൈബിളിന്റെ താളുകളിലൂടെ എനിക്കു സഹായമായിത്തീർന്നത്. ഇപ്രകാരം പത്രോസും പൗലൊസും യോഹന്നാനുമൊക്കെ യാക്കോബും ഒക്കെ എനിക്കു പ്രബോധനവും ഉത്സാഹവും പകർന്നിരിക്കുന്നു. സഹോദരന്മാരുടെ സാന്നിദ്ധ്യമില്ലാത്ത നിരവധി സമയങ്ങളിൽ ഈ അപ്പൊസ്തലന്മാരാണ് ബൈബിളിന്റെ താളുകളിലൂടെ എനിക്കു സഹായമായിത്തീർന്നത്. ഇപ്രകാരം പത്രോസും പൗലൊസും യോഹന്നാനുമൊക്കെ എന്നും നമ്മുടെ കിടപ്പുമുറിയിൽ നമ്മോടൊപ്പമായിരുന്നു നമ്മെ ഉത്സാഹിപ്പിക്കുവാൻ ഉണ്ടായിരിക്കുന്നതു വളരെ നല്ല കാര്യമല്ലേ? നിങ്ങൾക്ക് എന്തുകൊണ്ടത് അനുഭവമാക്കിക്കൂടാ? നിങ്ങൾ എന്തിനാണ് അവരെ ഇങ്ങനെ ഒരു പുസ്തകത്തിനകത്ത് അടച്ചിട്ടിരിക്കുന്നത്?

ബൈബിളിനെക്കുറിച്ച് പ്രതിപാദിക്കുന്ന പുസ്തകങ്ങളേക്കാൾ ബൈബിൾ തന്നെ വായിക്കുവാൻ നിങ്ങൾ അധികം ശ്രദ്ധിക്കേണ്ടതുണ്ട്. പൗലൊസിന്റെയും പത്രോസിന്റെയും യോഹന്നാന്റെയും വാക്കുകളെക്കുറിച്ച് ബൈബിൾ പണ്ഡിതന്മാർഎന്തൊക്കെപ്പറഞ്ഞിരിക്കുന്നു എന്നു ഗ്രഹിക്കുവാൻ എനിക്കു താത്പര്യമില്ല. അവരെ നേരിട്ടു കേൾക്കുന്നതിലാണെനിക്കു താത്പര്യം. അതുകൊണ്ടു ഞാൻ ബൈബിൾ തന്നെ വായിക്കുവാൻ ശ്രദ്ധിക്കുന്നു. ബൈബിളിനെക്കുറിച്ചുള്ള പുസ്തകങ്ങളല്ല.

3:14 ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു "....... എങ്കിൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ." അവിടെ ഒരു വലിയ "എങ്കിൽ" നാം കാണുന്നു. "ആദ്യവിശ്വാസം അവസാനത്തോളം നാം മുറുകെ പിടിക്കുന്നു എങ്കിൽ " എന്നാണവിടെ പറഞ്ഞിരിക്കുന്നത്. അല്ലെങ്കിൽ നമുക്കു പങ്കാളിത്തമില്ല. അവസാനത്തോളം നാം മുറുകെപിടിക്കണം. മാരത്തോൺ ഓട്ടങ്ങളിൽ വളരെ ആളുകൾ നന്നായി തുടങ്ങുന്നു. എന്നാൽ ഓട്ടം അവർ പൂർത്തിയാക്കുന്നില്ല. അവർ വഴിയിൽ കൊഴിഞ്ഞു പോകുന്നു. അധികം ക്രിസ്ത്യാനികളും അങ്ങനെയാണ്. നല്ല തുടക്കങ്ങൾക്ക് ഒരു ഓട്ട മത്സരത്തിലും സമ്മാനങ്ങൾ നൽകാറില്ല.

നന്നായി തുടങ്ങി പൂർത്തീകരിക്കാത്ത യിസ്രായേൽക്കാരുടെ ഓട്ടത്തെ ശ്രദ്ധിക്കുക. മിസ്രയിം വിട്ടിട്ടു കനാനിലേക്കു പ്രവേശിക്കാൻ കഴിയാതെപോയ യിസ്രായേൽ മക്കളുടെ ദൃഷ്ടാന്തം മൂന്നു പ്രാവശ്യം പുതിയ നിയമത്തിൽ എടുത്തുകാണിച്ചിരിക്കുന്നു. ഇവിടെ എബ്രായ ലേഖനം മൂന്നാം അദ്ധ്യായത്തിലും 1 കൊരിന്ത്യർ 10 ലും യൂദാ ഒന്നാം വാക്യത്തിലും. അവർ തപ്പോടും നൃത്തത്തോടും കൂടെ (പുറ: 15) ആഘോഷമായിട്ടാണ് ആരംഭിച്ചത്. എന്നാൽ രണ്ടു വർഷത്തിനുശേഷം ദൈവം അവരോടു കോപിച്ചു. തുടർന്നുള്ള 38 വർഷവും ദൈവം അവരോടു ക്രുദ്ധിച്ചിരുന്നു.

അവിശ്വാസമുള്ള ഒരു ദുഷ്ടഹൃദയമായിരുന്നു അവരുടെ പ്രശ്നം. അവരെ കനാനിലേക്കു കൊണ്ടുപോകുമെന്ന് അവർ മിസ്രയീമിലിരിക്കുമ്പോൾത്തന്നെ ദൈവം അവരോടു വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ ദൈവത്തിന് അതു കഴിയുമെന്ന് അവർ വിശ്വസിച്ചില്ല. എന്നിട്ടും 40 വർഷക്കാലവും അവർക്കു ഭക്ഷണവും മറ്റും നൽകി ദൈവം അവരെ കാത്തുപാലിച്ചു. ഭക്ഷണവും പാറയിൽ നിന്നു വെള്ളവും മറ്റ് അത്ഭുതങ്ങളും അവർക്കു നൽകി. ദൈവം നിങ്ങൾക്ക് വേണ്ടി ഒരു അത്ഭുതം പ്രവർത്തിക്കുന്നതിന്റെ അർത്ഥം അവിടുന്നു നിങ്ങളിൽ പ്രസാദിച്ചിരിക്കുന്നു എന്നല്ല, മറിച്ച് അവിടുന്ന് ഒരു നല്ല ദൈവമാണ് എന്നത്രേ. പാപമാകുന്ന മല്ലന്മാർ നിങ്ങളെ വാഴുവാൻ അനുവദിച്ചുകൊണ്ട് അവിടുന്നു നിങ്ങളോടു ക്രുദ്ധിക്കുന്നു. എപ്പോഴാണ് അവിടുന്നു നിങ്ങളിൽ പ്രസാദിക്കുന്നത്? എപ്പോൾ നിങ്ങൾ വിശ്വാസത്തോടെ കനാനിൽ പ്രവേശിക്കയും പാപമാകുന്ന മല്ലന്മാരെയൊക്കെ നിങ്ങളുടെ കാൽച്ചുവട്ടിലാക്കുകയും ചെയ്യുന്നുവോ അപ്പോൾ. എക്കാലത്തെയും തലമുറകൾ കണ്ടതിനേക്കാളും വലിയ അത്ഭുതങ്ങൾ കണ്ടവരെന്നു സാക്ഷ്യപ്പെടുത്തുവാൻ കഴിയുന്നവരായിരുന്നു ഈ യിസ്രായേൽക്കാർ. 40 വർഷക്കാലത്തോളം ഇരുപതു ലക്ഷത്തിനുമേൽ വരുന്ന പുരുഷാരത്തിനു ദിവസവും ഭക്ഷണം ആകാശത്തുനിന്നു ലഭിക്കുക, വരണ്ട പാറയിൽ നിന്നും നദിപോലെ വെള്ളം പുറപ്പെട്ട് ഒഴുകുക, സർപ്പവിഷത്തിൽ നിന്നും മറ്റും അത്ഭുതസൗഖ്യം ലഭിക്കുക മുതലായവ അവർക്കു നൽകി. എങ്കിലും ദൈവം അവരോടു ക്രുദ്ധിച്ചിരുന്നു- ദീർഘമായ 38 വർഷങ്ങൾ. ഇന്നും ഇക്കാര്യം സത്യമാണ്. അനേകരുടെ ജീവിതത്തിൽ ദൈവം അത്ഭുതങ്ങൾ ചെയ്യുന്നു എന്നു വരികിലും അവർ പാപത്തോടു സഖ്യത ചെയ്തു ജീവിക്കുന്നതിനാൽ ദൈവം അവരോടു കോപിച്ചിരിക്കുന്നു. കോപത്തെയും അസൂയയെയും കയ്പിനെയും കൺമോഹത്തെയും പണ

സ്നേഹത്തെയും നിങ്ങൾ കാല്ക്കീഴിൽ ആക്കിയിരിക്കുന്നവോ? 'ഇല്ല' എന്നാണ് ഉത്തരമെങ്കിൽ നിങ്ങൾ അനുഭവിക്കുന്ന അത്ഭുതങ്ങൾക്ക് ഒരു അർത്ഥവുമില്ല.

3:19-ൽ "അവിശ്വാസം കാരണമായി അവർക്കു പ്രവേശിക്കുവാൻ കഴിഞ്ഞില്ല" എന്നു നാം വായിക്കുന്നു. തുടർന്ന് 4:1 ൽ നമുക്കും അപ്രകാരം സ്വസ്ഥതയിൽ പ്രവേശിക്കുവാനുള്ള വാഗ്ദാനം ദൈവം നൽകിയിരിക്കുന്നതിനാൽ അതു ലഭിക്കാതെ പോയി എന്നു വരാതിരിക്കുവാൻ നാം ഭയപ്പെടുക എന്നും പറഞ്ഞിരിക്കുന്നു. എന്താണീപ്പറഞ്ഞതിന്റെ അർത്ഥം? നാം ദൈവത്തിന്റെ കൃപയുടെ കീഴിൽ ആയിരിക്കുമെങ്കിൽ "പാപത്തിനു നമ്മുടെ മേൽ ആധിപത്യം ചെലുത്തുവാൻ കഴിയില്ല'' എന്നൊരു വാഗ്ദാനവും ദൈവം നൽകിയിരിക്കുന്നു (റോമ. 6:14). അതു കനാനിലെ ഓരോ മല്ലനെയും തങ്ങളുടെ കാൽക്കീഴിലാക്കിത്തരും എന്നു യിസ്രായേല്യരോടു പറഞ്ഞ വാഗ്ദാനത്തിനു സമാനമാണ്. ഇതു സ്വസ്ഥമായ ജീവന്റെ വാഗ്ദാനമാണ്. സ്വസ്ഥതയ്ക്കെതിരായ അവസ്ഥകൾ പരാജയവും, ഉയർച്ചതാഴ്ചകളും പ്രക്ഷുബ്ധതയും ഒക്കെ ആണല്ലോ. അവർ കേട്ടതു പോലെയുള്ള ഒരു സുവാർത്ത കേട്ടവരാണ് നാമും (4:2). അതുകൊണ്ട് ആ സ്വസ്ഥതയിൽ പ്രവേശിക്കുവാനുള്ള വിശ്വാസം നഷ്ടപ്പെടുമോ എന്നു നാം ഭയപ്പെടുക.

അവർ കേട്ട സദ്വർത്തമാനം എന്തായിരുന്നു? അവർ മിസ്രയീമിൽ ആയിരുന്നപ്പോൾ ദൈവം അവർക്കു നൽകിയ ആ വാഗ്ദാനത്തിനു രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നു. അതിന്റെ ഒന്നാംഭാഗം "ഞാൻ നിങ്ങളെ മിസ്രയീമിൽ നിന്നും വിടുവിച്ചു കൊണ്ടുപോകും" എന്നതായിരുന്നു. രണ്ടാമത്തേത് "ഞാൻ നിങ്ങളെ കനാൻ ദേശത്തു പാർപ്പിക്കും" എന്നതുമായിരുന്നു (പുറ. 3:17). ആ നല്ല വാർത്ത അവർ കേട്ടു എങ്കിലും അതിന്റെ ഒന്നാം ഭാഗം മാത്രമേ അനുഭവമാക്കുവാൻ അവർക്കു കഴിഞ്ഞുള്ളൂ. നമുക്കു രക്ഷയുടെ സന്ദേശത്തിന്റെ രണ്ടു ഭാഗങ്ങളും കേൾക്കുവാൻ കഴിയും. യേശു നമ്മുടെ പാപങ്ങളെ ക്ഷമിക്കുന്നു. യേശു നമ്മെ പാപത്തിൽ വീഴുന്നതിൽനിന്നും സൂക്ഷിക്കുന്നു. എങ്കിലും ഒന്നാം ഭാഗം മാത്രം അനുഭവത്തിലാക്കി ജീവിക്കുവാനും കഴിയും. എന്നാൽ ജയജീവിതത്തിലേക്കു പ്രവേശിക്കുവാൻ കഴിയാതെ പോയി എന്നു വരാതിരിക്കുവാൻ നാം ഭയപ്പെടുക എന്നാണിവിടെ പറഞ്ഞിരിക്കുന്നത്. വളരെക്കുറച്ചു വിശ്വാസികളെ മാത്രമേ ഈ ഭയം ഉള്ളവരായി ഞാൻ കണ്ടിട്ടുള്ളൂ. തങ്ങളുടെ പരാജയ ജീവിതത്തെക്കുറിച്ച് അവർക്കു ഭാരമൊന്നുമില്ല. മല്ലന്മാരെ കീഴടക്കി കനാൻ അവകാശമാക്കുവാനുള്ള മനോഹരമായ വാഗ്ദാനം യിസ്രായേല്യർക്കു ലഭിച്ചതായിരുന്നു. പക്ഷേ അവർ അത്ഭുതങ്ങൾ കണ്ട് സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദം കേട്ട് സർപ്പദംശനത്തിൽ നിന്നുള്ള അത്ഭുത വിടുതൽ പ്രാപിച്ച് ഇപ്രകാരമുള്ള അനുഭവങ്ങളിൽ മുഴുകി കാലം കഴിച്ചു. നിങ്ങൾക്കും ഇപ്രകാരം പാപത്തെ ജയിക്കുന്നതിനു പ്രാധാന്യം നൽകാതെ ബാഹ്യമായ അത്ഭുതങ്ങളിലും സൗഖ്യങ്ങളിലും സ്വർഗ്ഗീയമായ ശബ്ദങ്ങളിലും ദൂതുകളിലും ആവേശഭരിതരായി കാലം കഴിക്കുവാൻ സാധിക്കും. (തുടരും)

മൊഴിമാറ്റം :

**ബോബി ചെറിയാൻ**

❖

500 വർഷം മുൻപ് മുഴങ്ങിയ നവീകരണത്തിന്റെ കാഹളം-II



# മാർട്ടിൻ ലൂഥർ വിശ്വാസവഴിയിലേക്ക്

മദ്ധ്യകാലത്തിന്റെ അവസാനമായപ്പോൾ ക്രൈസ്തവസഭ അന്ധവിശ്വാസങ്ങളുടെ കൂത്തരങ്ങായി മാറിയിരുന്നു. 1340-കളിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ്, ജനസംഖ്യയുടെ ഏതാണ്ട് നാല്പത് ശതമാനത്തെ തുടച്ചുനീക്കി. ആരോഗ്യപരിപാലനത്തിന്റെ കാര്യത്തിൽ യൂറോപ്പിന്റെ സ്ഥിതി അക്കാലത്ത് ഒട്ടും മെച്ചമായിരുന്നില്ല. മനുഷ്യജീവന് യാതൊരു സുരക്ഷിതത്വവും ഇല്ലായിരുന്നു. ജീവരക്ഷയ്ക്കായുള്ള പരക്കം പാച്ചിലിൽ പലർക്കും ആശ്വാസമായത് 'വിശുദ്ധന്മാരുടെ സംരക്ഷണ'മായിരുന്നു. എന്നുവെച്ചാൽ വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടങ്ങളിൽ കുടികൊള്ളുന്ന അത്ഭുതശക്തി തങ്ങൾക്ക് സഹായകമാകുമെന്ന് ആളുകൾ വിശ്വസിക്കുവാൻ തുടങ്ങി. വിശുദ്ധനായി ജീവിച്ച ഒരു വ്യക്തി വിശുദ്ധിയെ ആർജ്ജിച്ചെടുത്തിരിക്കുന്നുവെന്നും അത് അയാളുടെ ശരീരഭാഗങ്ങളിൽ നിറഞ്ഞിരിക്കുന്നുവെന്നും മരണശേഷം 'തിരുശേഷിപ്പുകൾ' വിശുദ്ധിയെ പ്രസരിപ്പിക്കുന്നുവെന്നുമൊക്കെയുള്ള പഠിപ്പിക്കലുകൾക്ക് അന്ന് പ്രചാരം ലഭിച്ചിരുന്നു. വിശുദ്ധന്റെ ശരീരഭാഗങ്ങൾ വിശുദ്ധിയുടെ സംഭരണികൾ ആണെന്നും അതിൽനിന്നു വിശുദ്ധി ഒഴുകിയെത്തുന്നുവെന്നും വിശ്വസിച്ചിരുന്നതിനാൽ ഇത്തരം ഭൗതികാവശിഷ്ടങ്ങളുടെ കച്ചവടം ഒരു പ്രധാന വ്യാപാരമായി മാറിയിരുന്നു.

മാർട്ടിൻ ലൂഥറിന്റെ സ്വദേശത്തെ നാടുവാഴിയായ ഫ്രെഡറിക്കിന് ഇത്തരത്തിലുള്ള 'തിരുശേഷിപ്പുകളുടെ' ഒരു മ്യൂസിയം തന്നെ ഉണ്ടായിരുന്നു. 1520 ആയപ്പോൾ ഏകദേശം 19013 വിശുദ്ധവസ്തുക്കൾ അവിടെയുണ്ടായിരുന്നു. യേശുവിന്റെ താടിയിലെ ഒരു രോമം, രക്ഷകൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ നിന്ന കല്ലിന്റെ ഒരു കഷണം, മോശയുടെ മുൾപ്പടർപ്പിന്റെ ഒരു കമ്പ്, വിശുദ്ധ ജെറോമിന്റെ ഒരു പല്ല്, കന്യാമറിയത്തിന്റെ ഉടുപ്പിൽ നിന്നുള്ള മൂന്ന് കഷണങ്ങൾ എന്നിവയൊക്കെ കൂട്ടത്തിൽ ഏറ്റവും വിലയേറിയവ ആയിരുന്നു! ഇത്തരം വിശ്വാസങ്ങളുടെ പശ്ചാത്തലത്തിൽ സഭയിൽ ഉയർന്നുവന്ന ഒരു ചോദ്യമിതാണ്: "ആരാണ് രക്ഷിക്കുന്നത് - ക്രിസ്തു മാത്രമോ? അതോ, ക്രിസ്തുവും വിശുദ്ധന്മാരുമോ?"

ഇതിനോട് ചേർന്നു തന്നെ രൂപപ്പെട്ടുവന്ന മറ്റൊരു ദുരുപദേശമാണ് മറിയത്തോടുള്ള ഭക്തി. ഏതാണ്ട് പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ 'മറിയഭക്തി' സഭയിൽ സജീവമാകുവാൻ തുടങ്ങി. 1349 ലെ പ്ലേഗിന്റെ സമയത്ത് പ്രചരിച്ച ഒരു കഥ ഇപ്ര

കാരമാണ് - അതേ വർഷം സെപ്റ്റംബർ 10 ന് ലോകാവസാനത്തിനായി ദൈവം പദ്ധതിയിട്ടിരുന്നുവെങ്കിലും മറിയയുടെ അവസരോചിതമായ ഇടപെടലിന്റെ ഫലമായി ഇത് മാറ്റപ്പെട്ടു. ക്രിസ്തുവിനെ കർശനക്കാരനായ ഒരു ന്യായാധിപനായും മറിയയെ ദയനിധിയായ മധ്യസ്ഥയായും ചിത്രീകരിക്കുന്ന പഠിപ്പിക്കലുകൾ അന്ന് വ്യാപകമായി.

മദ്ധ്യകാലത്തിന്റെ അന്ത്യത്തിൽ റോമൻ കത്തോലിക്ക സഭയുടെ പ്രത്യേകതകളിൽ മറ്റൊന്ന് പോപ്പിന്റെ സർവ്വാധിപത്യവും അതുമായി ബന്ധപ്പെട്ടുള്ള ജീർണ്ണതകളുമായിരുന്നു. 1294 മുതൽ 1303 വരെ പോപ്പായിരുന്ന ബോണിഫേസ് എട്ടാമൻ ഒരു ഉത്തരവിലൂടെ വ്യക്തമാക്കിയത് റോമെന്ന പ്രത്യക്ഷ സഭയ്ക്ക് പുറത്ത് രക്ഷയോ പാപവിമോചനമോ ഉണ്ടായിരിക്കില്ല എന്നാണ്. അദ്ദേഹം സഭയെ നോഹയുടെ പെട്ടകത്തോടാണ് ഉപമിച്ചത്. പെട്ടകത്തിന് നോഹയെന്ന ഒരേയൊരു നാവികനാണ് ഉണ്ടായിരുന്നത്. അതുപോലെതന്നെ, സഭയുടെ നായകൻ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ, വികാരിയായിരിക്കുന്നത് അപ്പൊസ്തലനായ പത്രോസും അദ്ദേഹത്തിന്റെ പിൻഗാമികളായ മാർപാപ്പാമാരുമാണ്. അതിനാൽ റോമൻ പോപ്പിന് വിധേയപ്പെടുകയെന്നത് ഓരോ മനുഷ്യജീവിയുടെയും രക്ഷയ്ക്ക് അനിവാര്യമായ കാര്യമാണ്. എന്നാൽ ഇത്തരം അവകാശവാദങ്ങളുടെ ഇടയിലും പോപ്പിന്റെ കൊട്ടാരത്തിൽതന്നെ അധാർമ്മികതയും ദുർന്നടപ്പും ലൗകികതയുമൊക്കെ കൊടികുത്തിവാണിരുന്നു. ഇത് സഭയെയും കളങ്കിതമാക്കി. ഫ്രാൻസിൽ ഇപ്രകാരമൊരു ചൊല്ല് അക്കാലത്തുണ്ടായിരുന്നു-'നിങ്ങൾക്ക് നരകത്തിലേക്ക് പോകണമെന്നുണ്ടെങ്കിൽ ഒരു പുരോഹിതനായിത്തീരുക'.

1510-ൽ ലൂഥറിന്റെ ജീവിതത്തിൽ നിർണ്ണായകമായ മറ്റൊരു സംഭവമുണ്ടായി. ആശ്രമത്തിലെ ചില പ്രശ്നങ്ങളുമായുള്ള ബന്ധത്തിൽ കത്തോലിക്കരുടെ വിശുദ്ധനഗരമായ റോമിലേക്ക് ഒരു യാത്രപോകേണ്ടിവന്നു. വിശുദ്ധനഗരത്തിൽ ഒരു സന്ദർശനം നടത്തുവാൻ അദ്ദേഹം ഏറെ ആഗ്രഹിച്ചിരുന്നു. അവിടെയുള്ള ഉന്നതരായ ആത്മീയ നേതാക്കന്മാരിൽ നിന്ന് ഉപദേശങ്ങൾ സ്വീകരിക്കുകയെന്നതായിരുന്നു ഒരു പ്രധാനലക്ഷ്യം. എന്നാൽ പ്രതീക്ഷിച്ചതിന് വിപരീതമായ കാഴ്ചകളാണ് താൻ റോമിൽ കണ്ടത്. സഭയിൽ ഉപദേശപ്പിശകുകളും തിന്മകളും നിറഞ്ഞിരുന്നതായി അദ്ദേഹത്തിന് മനസ്സിലായി. റോമിലെ പ്രധാനപ്പെട്ട ഒരു ദേവാലയത്തിൽ 'വിശുദ്ധപടവുകൾ' എന്നറിയപ്പെട്ടിരുന്ന കൽപ്പടവുകൾ ഉണ്ടായിരുന്നു. യേശുക്രിസ്തു പീലാത്തോസിന്റെ അരമനയിൽ നിന്ന് കാൽവറിയിലേക്ക് നടന്നുപോയ പടവുകളാണിവയെന്നും ഒരു ദൂതൻ ഇവയെ യെരുശലേമിൽ നിന്നു റോമിൽ എത്തിച്ചതാണെന്നുമായിരുന്നു പ്രചാരണം. ഈ പടവുകളിൽ മുട്ടിലിഴഞ്ഞ് ലൂഥർ പാപങ്ങളെ ഏറ്റുപറഞ്ഞു. പക്ഷേ, ഹൃദയസമാധാനം കണ്ടെത്തുവാനായില്ല. 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കു'മെന്നുള്ള വചനമാണ് ലൂഥറിന്റെ ഹൃദയത്തിലേക്ക് കടന്നുവന്നത്. ലൂഥർ ഉടൻതന്നെ അവിടെനിന്ന് മടങ്ങിപ്പോന്നു.

വിറ്റൻബർഗ് പള്ളിയിലെ ഏറ്റവും ജനപ്രിയനായ പ്രസംഗകനായി ലൂഥർ ഇതിനിടയിൽ മാറിയിരുന്നു. 1513-ൽ സങ്കീർത്തനങ്ങളെപ്പറ്റിയുള്ള

ഒരു പ്രസംഗപരമ്പര അദ്ദേഹം ആരംഭിച്ചു. പഠനത്തിനിടയിൽ സങ്കീർത്തനം 71:2-ലെ ''നിന്റെ നീതി നിമിത്തം എന്നെ ഉദ്ധരിച്ചു വിടുവിക്കേണമേ" എന്ന വാക്യം തന്റെ ശ്രദ്ധയിൽപ്പെട്ടു. ദൈവിക നീതിയന്നത് ന്യായവിധിയെയാണ് വിടുതലിനെയല്ല സൂചിപ്പിക്കുന്നത് എന്നാണ് ലൂഥർ അന്നുവരെ മനസ്സിലാക്കിയിരുന്നത്. 'ദൈവത്തിന്റെ നീതി' എന്ന വിഷയത്തെപ്പറ്റി തുടർന്ന് അദ്ദേഹം പഠനം തുടർന്നു. ദൈവികമായ ഒരു നടത്തിപ്പ് പോലെതുടർന്നുള്ള പഠനം റോമാലേഖനത്തെപ്പറ്റി ആയിരുന്നു. റോമർ 1:16-17 വചനങ്ങൾ ലൂഥറിന്റെ ചിന്തകളെ സ്വാധിനിച്ചു. ഇതിനെത്തുടർന്നുണ്ടായ അനുഭവങ്ങൾ ലൂഥറിന്റെ വാക്കുകളിൽ തന്നെ കേൾക്കുക:



ലൂഥർ ഒരു നവീകരണത്തിന്റെ ആവശ്യതയെപ്പറ്റി പ്രസംഗിക്കുവാൻ തുടങ്ങി.

''വിശ്വാസമെന്ന ദൈവത്തിന്റെ ദാനമുപയോഗിച്ച് നീതിമാൻ ജീവിക്കുന്നുവെന്നതാണ് ദൈവത്തിന്റെ നീതിയെന്ന് എനിക്ക് മനസ്സിലാകുവാൻ തുടങ്ങി. അതായത്, 'നീതിമാൻ വിശ്വാസത്താൽ ജീവിക്കു'മെന്ന് എഴുതിയിരിക്കുന്നതുപോലെ കരുണാമയനായ ദൈവം നമ്മെ വിശ്വാസത്താൽ നീതീകരിക്കുന്നുവെന്നതാണ് സുവിശേഷത്താൽ വെളിപ്പെടുന്ന ദൈവനീതി. ഇത് പ്രവൃത്തികൂടാതെയുള്ള നീതിയാണ്. ഇവിടെയാണ് ഞാൻ വീണ്ടും ജനിച്ചതായും തുറന്ന കവാടങ്ങളിലൂടെ സ്വർഗ്ഗത്തിനുള്ളിലേക്ക് പ്രവേശിച്ചതായും എനിക്ക് ബോധ്യമായത്." തുടർന്ന് ഗലാതൃലേഖനവും എബ്രായലേഖനവും പഠിച്ചപ്പോൾ ഉപദേശസത്യങ്ങൾ ലൂഥറിന് കൂടുതൽ ബോധ്യമായി.

തിരുവെഴുത്തുകൾ ചരിത്രപരമായും വ്യാകരണപരമായും വ്യാഖ്യാനിക്കണമെന്ന് ലൂഥർ ഈ സമയത്ത് തിരിച്ചറിഞ്ഞു. വേദഭാഗങ്ങളിൽ ആന്തരാർത്ഥങ്ങൾ ആരോപിക്കുന്ന പ്രാചീനരീതിയെ ഉപേക്ഷിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അന്നത്തെ ക്രൈസ്തവ സമൂഹത്തിന്റെ അവസ്ഥ മനസ്സിലാക്കിയിരുന്ന ലൂഥർ ഒരു നവീകരണത്തിന്റെ ആവശ്യതയെപ്പറ്റി പ്രസംഗിക്കുവാൻ

***റോമിലെ പ്രധാനപ്പെട്ട ഒരു ദേവാലയത്തിൽ 'വിശുദ്ധപട വുകൾ' എന്നറിയപ്പെട്ടിരുന്ന കൽപ്പടവുകൾ ഉണ്ടായിരുന്നു. ഈ പടവുകളിൽ മുട്ടി ലിഴഞ്ഞ് ലൂഥർ പാപങ്ങളെ ഏറ്റുപറഞ്ഞു. പക്ഷേ, ഹൃദയസമാധാനം കണ്ടെത്തുവാനായില്ല. 'എന്റെ നീതിമാൻ വിശ്വാസ ത്താൽ ജീവിക്കു'മെന്നുള്ള വചനമാണ് ലൂഥറിന്റെ ഹൃദ യത്തിലേക്ക് കടന്നുവന്നത്. ലൂഥർ ഉടൻതന്നെ അവിടെനിന്ന് മടങ്ങിപ്പോന്നു.***

തുടങ്ങി. ലൂഥറിന്റെ നവീന സന്ദേശങ്ങൾ വളരെ ആദരവോടുകൂടി വിറ്റൻബർഗ് ഏറ്റുവാങ്ങി. ലൂഥറിനെ മാറ്റിമറിച്ച തന്റെ കഠിന പരിശ്രമങ്ങളിലൂടെ നേടുവാൻ കഴിയാതെപോയ, കണ്ടെത്തൽ എന്തായിരുന്നു? പാപിയായ മനുഷ്യന് ദൈവത്തിന്റെ കോപത്തിൽനിന്ന് രക്ഷപ്പെടുവാനുള്ള മാർഗ്ഗമെന്നത് ക്രിസ്തുവിന്റെ മരണത്തിലുള്ള ലളിതമായ ആശ്രയമാണ്. ക്രൂശ് ഒരു വിശ്വാസിയുടെ സർവ്വപാപത്തിന്റെയും പരിഹാരമാണ്. യഥാർത്ഥത്തിൽ വിശ്വസിക്കുന്ന ഒരുവനിൽ ദൈവം ക്രിസ്തുവിന്റെ നീതിയെ ചുമത്തുന്നു. 1546-ൽ മരണത്തിന് മുൻപ് ഒരു കുറിപ്പിൽ ലൂഥർ ഇപ്രകാരമാണ് എഴുതിയത്: 'നാം ഭിക്ഷക്കാരാണ്. ഇത് സത്യമാണ്.' രക്ഷയോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ കരുണയെയും കൃപയെയും ആശ്രയിക്കുന്ന വെറുമൊരു യാചകനാണ് താനെന്ന ബോധ്യം ലൂഥർ അന്ത്യത്തോളം മുറുകെപ്പിടിച്ചിരുന്നു. അഞ്ഞൂറ് വർഷങ്ങൾക്കു ശേഷം ഇന്ന് നമുക്കും ഇതുതന്നെയാണ് ഏറ്റുപറയുവാൻ കഴിയേണ്ടത്.

1517 ലെ 95 തർക്കസംഗതികളുടെ പ്രസിദ്ധീകരണത്തിന് ലൂഥറെ പ്രേരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം മറ്റൊന്നായിരുന്നു. 1513 ൽ തന്റെ മുപ്പതാം വയസ്സിൽ പോപ്പായി അധികരാമേറ്റ ലിയോ പത്താമൻ ഏറ്റെടുത്ത മുഖ്യദൗത്യം റോമിലെ ഏറ്റവും പുരാതന ദേവാലയങ്ങളിൽ ഒന്നായ സെന്റ് പീറ്റേഴ്സ് ബസലിക്കയുടെ പുനർനിർമ്മാണമായിരുന്നു. ഈ സമയത്തുണ്ടായ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ മറികടക്കുവാൻ അദ്ദേഹം കണ്ടെത്തിയ മാർഗ്ഗം പാപമോചനച്ചീട്ടുകളുടെ വിതരണം വ്യാപകമാക്കുക എന്നതായിരുന്നു.

റോമൻ കത്തോലിക്കസഭയുടെ ഉപദേശമനുസരിച്ച്, ദൈവകൃപയിൽ മരിക്കുന്ന വിശ്വാസികളിൽ ഏറ്റുപറയാത്ത പാപങ്ങൾ ഉണ്ടെങ്കിൽ അവരുടെ ശുദ്ധീകരണത്തിനായി ദൈവം ഒരുക്കിയിട്ടുള്ള സ്ഥലമാണ് ബസ്ബുർക്കാന അഥവാ ശുദ്ധീകരണസ്ഥലം. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ അർത്ഥമുണ്ടെന്നും മരണാനന്തരം പാപമോചനവും ശുദ്ധീകരണവും പ്രാപിക്കുവാൻ കഴിയുമെന്നുമൊക്കെയുള്ള പഠിപ്പിക്കലുകൾ ഇതുമായി ബന്ധപ്പെട്ട് വന്നതാണ്. ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കളുടെ വിമോചനത്തിനുള്ള അധികാരം സഭയുടെ പരമാദ്ധ്യക്ഷന് ഉണ്ടെന്നും അദ്ദേഹം പുറപ്പെടുവിക്കുന്ന ദണ്ഡന വിമോചനച്ചീട്ടുകൾ വിലകൊടുത്ത് വാങ്ങുന്നതിലൂടെ ഇത് സാധ്യമാകുമെന്നും സഭാനേതൃത്വം പ്രഖ്യാപിക്കുകയുണ്ടായി. (തുടരും)

**ബോബി കുര്യൻ** ❖

# കർത്താവിനോടുള്ള ആദ്യസ്നേഹം ....

(പേജ് 21 ൽ നിന്ന് തുടർച്ച)

ക്കുവാൻ നിങ്ങൾ ശ്രമിക്കാത്തതു മൂലം നിങ്ങളുടെ സഭയിൽ അനേക വർഷക്കാലത്തെ അധ്വാനത്തിനുശേഷവും പൂർണ്ണവിശ്വസ്തരായ മൂന്നു വ്യക്തികൾ മാത്രമേ ഉള്ളുവെങ്കിൽത്തന്നെയും അതിനെപ്പറ്റി നിങ്ങൾ ലജ്ജിക്കേണ്ട കാര്യമില്ല. "നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ" എന്ന് ഒരിക്കൽ ദൈവം നിങ്ങളോടു പറയും.

ഒരു പട്ടണത്തിൽ കർത്താവിന്റെ പേർ ദുഷിക്കപ്പെടുവാൻ ഇടയാക്കുന്ന ഒത്തുതീർപ്പുമനോഭാവക്കാരായ 3000 വിശ്വാസികൾ ഉള്ളതിനെക്കാൾ, വിശുദ്ധമായൊരു സാക്ഷ്യം കാത്തുസൂക്ഷിക്കുന്ന മൂന്നു ശിഷ്യന്മാർ ഉണ്ടായിരിക്കുന്നത് അധികം ഉത്തമമാണ്.

എന്നാൽ നാം സംഖ്യയിൽ ചുരുക്കമായിരിക്കുമ്പോൾ കൂടുതൽ മെച്ചമായ ഒരു സ്ഥിതിവിവരക്കണക്കു നൽകുവാൻവേണ്ടി നമ്മുടെ നിലവാരം താഴ്ത്തുവാനുള്ള പരീക്ഷ നമുക്കുണ്ടായെന്നു വരാം. ആ ദുർമ്മോഹത്തിനെതിരെ നാം പോരാടുന്നില്ലെങ്കിൽ സർദ്ദിസ് സഭയിലെ മൂപ്പന്റെ സ്ഥിതിയിൽ അവസാനത്തിൽ നാം ചെന്നെത്തിയെന്നുവരാം.

എങ്കിലും ഈ വാക്കുകളിൽ ഒരു വ്യാജമായ ആശ്വാസം കണ്ടെത്തുവാനിടയുള്ള സഭാപ്രവർത്തകർക്കു താക്കീതായി ഒരു വാക്ക് ഇവിടെ കൂട്ടിച്ചേർക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒരു പക്ഷേ, ആവശ്യത്തിലിരിക്കുന്ന ആളുകൾക്കൊരു സഹായസ്ഥാനമായി നിങ്ങളുടെ സഭയെ ചൂണ്ടിക്കാണിക്കുവാൻ ദൈവത്തിനു സാധ്യമല്ലാത്തതിനാലായിരിക്കാം നിങ്ങളുടെ സഭ സംഖ്യയിൽ വളരാതിരിക്കുന്നത്.

സഭയോട് ആളുകളെ കൂട്ടിച്ചേർക്കുന്നത് ദൈവമാണ് (അപ്പോ.2:47). ആദിമസഭയുടെ കാലഘട്ടത്തിൽ കർത്താവു വലിയ സംഖ്യ ആളുകളെ സഭയോടു ചേർത്തുകൊണ്ടിരുന്നു (അപ്പോ.6:7).

നിങ്ങൾ ഏതാണ്ടിപ്രകാരം പ്രാർത്ഥിക്കുന്നതു നല്ലതായിരിക്കും."കർത്താവേ ഒരു വലിയ സംഖ്യ ഒത്തുതീർപ്പുകാരെക്കൊണ്ടു ഞങ്ങളുടെ സഭയുടെ സംഖ്യാബലം വർദ്ധിപ്പിക്കുവാൻ ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നില്ല. എന്നാൽ ദൈവഭക്തിയുള്ള ഒരു ജീവിതം നയിക്കുവാനാഗ്രഹിക്കുന്നവരായി ഈ പട്ടണത്തിലുള്ള എല്ലാ ആളുകൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവേ, ദയവായി മൂന്നു കാര്യങ്ങളിൽ ഒന്ന് അങ്ങു ചെയ്യണമേ. (1) ഒന്നുകിൽ ഞങ്ങൾ അവരെ സഹായിക്കുമാറ് അവരെ ഞങ്ങളുടെ അടുക്കലേക്ക് അയയ്ക്കണമേ. (2) അല്ലെങ്കിൽ ഞങ്ങളെ അവരുടെ അടുക്കലേക്ക് അയയ്ക്കണേ. (3) അതുമല്ലെങ്കിൽ ഞങ്ങളെ അവർക്കു ചൂണ്ടിക്കാണിക്കുവാൻ അങ്ങേയ്ക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല എന്നതു ഞങ്ങൾക്കു കാണിച്ചു തരണമേ".

"നിങ്ങളുടെ സഭ നിയമദാസ്യത്തിന് അധീനവും തണുത്തുറ

ഞ്ഞതും പരീശഭാവം കലർന്നതുമാകയാൽ മറ്റുള്ളവർക്കു നിങ്ങളെ ചൂണ്ടിക്കാണിക്കുവാൻ എനിക്കു സാധ്യമല്ല'' എന്ന് അപ്പോൾ കർത്താവു നിങ്ങളോടു പറഞ്ഞെന്നുവരാം. ഒരു മൂപ്പനെന്ന നിലയിൽ നിങ്ങൾ തന്നെയും ആ നിലയിൽ കഴിയുന്നതുകൊണ്ടാണു നിങ്ങളുടെ സഭയും അപ്രകാരമായിരിക്കുന്നതെന്നും കൂടി കർത്താവു പറഞ്ഞേക്കാം.

അങ്ങനെയാണെങ്കിൽ നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന ഏകകാര്യം തകർന്ന ഹൃദയത്തോടെ വിലപിക്കുകയും മാനസാന്തരപ്പെടുകയുമാണ്.

നമ്മുടെ ശുശ്രൂഷയിൽ മനുഷ്യരുടെ ബഹുമാനവും അംഗീകാരവും അന്വേഷിക്കുന്നതിൽനിന്നു സ്വതന്ത്രരായിത്തീരുവാൻ നാം ആഗ്രഹിക്കുന്നപക്ഷം അതിനുള്ള ഏക മാർഗ്ഗം കർത്താവുമായി ദാമ്പത്യതുല്യമായ ഒരു ഗാഢബന്ധം സ്ഥാപിക്കുക എന്നതാണ്. ഉത്തമഗീതത്തിൽ കാന്ത തന്റെ ജീവിതത്തെയും പ്രവർത്തനത്തെയും പറ്റി സംസാരിക്കുമ്പോൾ അതിനെ കാന്തനു വിശിഷ്ടഫലം ഭുജിക്കുവാനുതകുന്ന ഒരുദ്യാനത്തോടു സാദൃശ്യപ്പെടുത്തുന്നതായി നാം കാണുന്നു (ഉത്ത.4:16). നമ്മുടെ ലക്ഷ്യം നമ്മുടെ സ്വർഗ്ഗീയകാന്തനെ സന്തോഷിപ്പിക്കുക എന്നതു മാത്രമായിത്തീരുമ്പോൾ എപ്പോഴും നമ്മുടെ ഹൃദയത്തിനു വിശ്രാന്തിയനുഭവിക്കുവാൻ കഴിയും.

നമ്മുടെ കർത്താവു നമ്മുടെ എല്ലാ പരിമിതികളോടുംകൂടെ നമ്മെ നാം ആയിരിക്കുന്ന സ്ഥിതിയിൽത്തന്നെ കൈക്കൊണ്ടിട്ടുള്ളതായി അറിയുമ്പോൾ നാം സംതൃപ്തഹൃദയരായിത്തീരും. മറ്റൊരാളിനുള്ളതുപോലെയുള്ള ഒരു ശുശ്രൂഷ അവിടുന്നു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നില്ല എന്നു നാം മനസ്സിലാക്കും. അങ്ങനെ ക്രിസ്തീയ മണ്ഡലത്തിലുള്ള മത്സരത്തിന്റെ ആത്മാവിൽനിന്നു നാം സ്വതന്ത്രരായിത്തീരും. നമ്മുടെ പ്രവർത്തനഫലങ്ങൾ മറ്റുള്ളവരെ അറിയിക്കുവാനുള്ള ദുർമ്മോഹത്തിൽ നിന്നു കൂടെ നാം സ്വതന്ത്രരാകും.

ക്രിസ്തുവിന്റെ ശരീരത്തിനു നിസ്തുല്യമായ ഒരു സംഭാവന നൽകുവാനാവശ്യമായ കൃപാവരങ്ങൾ കർത്താവു നമുക്കു നൽകിയിട്ടുണ്ട്. നാം പൂർത്തിയാക്കേണ്ട സുനിശ്ചിതമായ ഒരു പ്രവർത്തനവും അവിടുന്നു നൽകിയിരിക്കുന്നു. അവിടുത്തെ കൃപയാലും ശക്തിയാലും ആ പ്രവർത്തനം നമ്മാലാവോളം ഭംഗിയായി നാം നിറവേറ്റേണ്ടതാണ്. നാം അവിടുത്തേക്കുവേണ്ടി എന്താണു ചെയ്തുകൊണ്ടിരിക്കുന്നതെന്നു മറ്റാരെയും നാം അറിയിക്കേണ്ട ആവശ്യമില്ല. തന്റെ കാന്തനുവേണ്ടി രഹസ്യത്തിൽ താൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാമെന്നു മറ്റാരും അറിയേണ്ടകാര്യമില്ല എന്നാണല്ലോ ഒരു കാന്തയുടെ ചിന്ത. അതുതന്നെയായിരിക്കണം നമ്മുടെയും മനോഭാവം.

അതിനാൽ സർദ്ദിസിലെ മൂപ്പന്റെ ഗതി നമുക്കുണ്ടാകാതിരിക്കുമാറ് കർത്താവായ യേശുക്രിസ്തുവുമായി വധൂവരന്മാർ തമ്മിലുള്ളതുപോലെയുള്ള ഒരു ബന്ധം നമുക്കു പടുത്തുയർത്താം.

**ലവോദിക്യ-സ്വന്തം അരിഷ്ടതയെപ്പറ്റി അജ്ഞത**

ലവോദിക്യയിലെ സഭാമൂപ്പൻ അനേകം കാരണങ്ങളാൽ കർത്താവിന്റെ ശാസനയ്ക്കു പാത്രമായി

ത്തീർന്നു.

താൻ സമ്പന്നനും സമൃദ്ധിയുള്ളവനുമാണെന്നും തനിക്കൊന്നിനും മുട്ടില്ലെന്നും അദ്ദേഹം ചിന്തിച്ചു. സമ്പത്തെന്നതു കേവലം പണത്തെ മാത്രം സംബന്ധിക്കുന്ന കാര്യമല്ല. ഒരുവൻ വിജ്ഞാനത്തിലും കൃപാവരത്തിലും കഴിവുകളിലും സമ്പന്നനും തദ്വാരാ സ്വയം പര്യാപ്തനുമായിരിക്കാം.

ബുദ്ധിശാലികളും വാഗ്മികളും വിവിധകഴിവുകളുള്ളവരുമെല്ലാം വളരെ ഭയത്തോടെ ജീവിക്കേണ്ടതാവശ്യമാണ്. എന്തെന്നാൽ ഈ മാനുഷിക കഴിവുകൾ നിമിത്തം അഹങ്കരിക്കുവാനും കർത്താവിനെക്കാളധികം ഇവയിലാശ്രയം വയ്ക്കുവാനുമുള്ള ഒരാപൽസാധ്യതയിലാണ് അവർ ജീവിക്കുന്നത്.

ഇവിടത്തെ സഭാമൂപ്പൻ തന്റെ വേദപരിജ്ഞാനത്തിലും കൃപാവരങ്ങളിലും നേട്ടങ്ങളിലും മൂപ്പനെന്ന പദവിയിലും സംതൃപ്തനായിരുന്നു. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ താൻ ഇപ്പോഴും ആത്മീയമായി നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമാണെന്ന വസ്തുത അയാൾ അറിഞ്ഞിരുന്നില്ല (വെളി.3:17). ദൈവം നമ്മെ കാണുന്ന വിധത്തിൽ യഥാർത്ഥത്തിലുള്ള നമ്മുടെ ആത്മീയനിലയെന്തെന്നു നാം അറിയാതിരിക്കുന്നത് വാസ്തവത്തിൽ ദുഃഖകരം തന്നെ.

താൻ അരിഷ്ടനായ ഒരുവനാണെന്ന വസ്തുതയെപ്പറ്റി ഈ മൂത്ത സഹോദരൻ തികച്ചും അജ്ഞനായിരുന്നപ്പോൾ അപ്പോസ്തലനായ പൗലൊസിനെപ്പോലെയുള്ള ഒരു ദൈവഭക്തൻ “അയ്യോ! ഞാൻ അരിഷ്ടമനുഷ്യൻ!” എന്നു നിലവിളിക്കുന്നതായി നാം കാണുന്നു (റോമർ 7:24).

പൗലൊസ് തന്റെ അരിഷ്ടത കാണുകയും ലവോദിക്യയിലെ മൂപ്പൻ അതുകാണാതിരിക്കുകയും ചെയ്തത് എന്തുകൊണ്ട്? പൗലൊസ് ദൈവത്തിന്റെ മുമ്പിൽ ജീവിച്ചു; എന്നാൽ ലവോദിക്യയിലെ മൂപ്പൻ അപ്രകാരം ചെയ്തില്ല എന്നതാണ് ഇതിന്റെ കാരണം. ദൈവത്തിന്റെ വെളിച്ചത്തിൽ തന്റെ ജഡം ദുഷിച്ചതാണെന്ന് പൗലൊസ് എപ്പോഴും മനസ്സിലാക്കിയിരുന്നു (റോമർ 7:18). തന്മൂലം പൗലൊസ് എപ്പോഴും ആത്മാവിൽ ദരിദ്രനായിത്തുടരുകയും ദൈവഭക്തിയുള്ള ഒരുവനായിത്തീരുകയും ചെയ്തു. എന്നാൽ ലവോദിക്യയിലെ മൂപ്പനാകട്ടെ, തന്റെ ജഡത്തിന്റെ അരിഷ്ടത മനസ്സിലാക്കാഞ്ഞതുമൂലം ജഡികനും മന്ദോഷ്ണവാനുമായിത്തീർന്നു.

ഒരു ദൈവഭൃത്യൻ ദൈവത്തിന്റെ മുമ്പിൽ ജീവിക്കുന്നില്ലെങ്കിൽ അയാളുടെ ജീവിതത്തിൽ സ്വയം സംതൃപ്തിയും തൻപോരിമയും ഉണ്ടാവുക എന്നത് വളരെ എളുപ്പമാണ്. കാരണം, താൻ എന്തിൽ കുറവുള്ളവനായിരിക്കുന്നുവെന്ന് അയാൾ അറിയുകയില്ല. അയാൾ സംസാരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന രീതി ഇതിനു തെളിവായിരിക്കും. ആവശ്യബോധമുള്ള ഒരുവന്റെ സംസാരരീതി ശക്തനും തൻ പോരിമയുള്ളവനുമായ ഒരുവന്റേതിൽനിന്നു വളരെ വ്യത്യസ്തമായിരിക്കും.

നല്ലവണ്ണം സംസാരിപ്പാൻ കഴിവുള്ളവരും വാഗ്മികളും ഉപദേശത്തെപ്പറ്റി നല്ല നിശ്ചയമുള്ളവരുമായി കഴിവുറ്റവരായ സുവിശേഷപ്രസംഗകരുണ്ട്. എന്നാൽ അവർ സംസാരിക്കു

മ്പോൾ അവരുടെ ആത്മാവിനെ നിങ്ങൾ ശ്രദ്ധിക്കുന്ന പക്ഷം അവിടെ ഒരു നിഗളം ഉള്ളതായി നിങ്ങൾക്കു ബോധ്യപ്പെടും. സ്വയം ദരിദ്രരും ആവശ്യബോധമുള്ളവരുമായിട്ടല്ല, വിദഗ്ദ്ധന്മാരെന്ന നിലയിലാണ് അവർ സംസാരിക്കുന്നത്.

ശക്തരും നിഗളത്തിന്റെ ആത്മാവുള്ളവരുമായ വ്യക്തികൾക്കു ക്രിസ്തുവിന്റെ ശരീരം പണിയുവാൻ സാധ്യമല്ല. വിനീതരും സൗമ്യസ്വഭാവികളുമായവർക്കേ അതു സാധ്യമാവൂ.

നിഗളിയായ ഒരു പ്രസംഗകനു തന്റെ പ്രസംഗത്തിലൂടെ ആളുകളെ ചാട്ടവാർകൊണ്ട് അടിക്കുവാൻ സാധ്യമാണ്. ദിനംപ്രതിയുള്ള ഭക്ഷണം തന്റെ ദാസന്മാർക്കു നൽകുവാൻ യജമാനനാൽ നിയോഗിക്കപ്പെട്ടിട്ട് അവർക്ക് ഭക്ഷണം നൽകാതെ അടിക്കുകയും പീഡിപ്പിക്കുകയും ചെയ്ത ഒരു ഭൃത്യനെപ്പറ്റി കർത്താവു പറഞ്ഞിട്ടുണ്ടല്ലോ (ലൂക്കോ.12:45). അയാൾക്കു തുല്യരാണ് ഇക്കൂട്ടർ. ദൗർഭാഗ്യവശാൽ ഇന്നു ക്രൈസ്തവലോകത്തിൽ ധാരാളം ചാട്ടവാറടി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ചാട്ടവാറടി ഒരിക്കലും ഒരുവനെ ദൈവഭക്തിയുള്ള ജീവിതത്തിലേക്കു നയിക്കുകയില്ല. മറിച്ചു താൻ ശിക്ഷാവിധിയിലകപ്പെട്ടവനാണെന്നുള്ള ചിന്തയിലേക്കും തന്നെ ചാട്ടകൊണ്ടടിക്കുന്ന പ്രസംഗകനോടുള്ള അടിമത്തമനോഭാവത്തിലേക്കും മാത്രമേ അതു നടത്തുകയുള്ളൂ.

ഒരു പാവപ്പെട്ട ഭിക്ഷക്കാരൻ ആരോടെങ്കിലും സംസാരിക്കുന്നത് ഏതു വിധമായിരിക്കും? താൻ ലോകത്തിൽ ആരുമല്ലാത്ത ഒരുവനാണെന്ന് അയാൾക്കറിവുള്ളതിനാൽ അത് എപ്പോഴും സൗമ്യതയോടും ആദരഭാവത്തോടും കൂടെയായിരിക്കും. എല്ലാ മനുഷ്യരോടും നാം അപ്രകാരം സംസാരിക്കണമെന്നാണ് ബൈബിൾ നമ്മോടാവശ്യപ്പെടുന്നത്. കാരണം, നാമും ഈ ലോകത്തിൽ ഏതുമില്ലാത്തവരാണല്ലോ (1 പത്രോ. 3:15). നേരെമറിച്ച് ഒരേകാധിപതി എങ്ങനെയാണ് സംസാരിക്കുക? എപ്പോഴും നിഗളപൂർവം തന്നെ.

നമ്മുടെ സംസാരം ആത്മാവിലുള്ള ഒരു ദാരിദ്ര്യത്തിൽനിന്നാണോ വരുന്നത്? അതോ നിഗളത്തിൽനിന്നോ?

നാം സകല മനുഷ്യരെയും ബഹുമാനിക്കണമെന്ന് (1 പത്രോ.2:17) നമ്മോടു കല്പിക്കുന്നു. ആ കല്പനയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള ഒരൊറ്റ മനുഷ്യവ്യക്തിയെങ്കിലുമുണ്ടോ? ഇല്ല തന്നെ.

വാക്ചാതുല്യമില്ലാത്തവനും ദൈവവചനത്തെപ്പറ്റി അധികം അറിവില്ലാത്തവനുമെങ്കിലും ആത്മാവിൽ സൗമ്യതയും താഴ്മയുമുള്ള ഒരു സഹോദരൻ കഴിവുകളുള്ള വാഗ്മിയായ ഒരുവനെക്കാൾ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുവാൻ വളരെയധികം കഴിവുള്ളവനായിരിക്കും.

കഴിവുള്ളസഹോദരനെ ഈ ഭൂമിയിൽ ഒരാത്മീയനായി ആളുകൾ പരിഗണിച്ചേക്കാം. മറ്റുചിലർ അയാളെ സഭയ്ക്കു വലിയൊരു മുതൽക്കൂട്ടായിക്കരുതിയെന്നു വരാം. എന്നാൽ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ ആ വിനീതനായ സഹോദരനാണു ക്രിസ്തുവിന്റെ ശരീരം വാസ്തവത്തിൽ പണിയുന്നത് എന്നു വ്യക്തമാകും.

(തുടരും)

❖

YOUTH SECTION

The Making of Peter the Disciple -XII



# JESUS RELENTLESSLY PURSUES DISCIPLES

**Sandeep Poonen**

We have been considering Peter's greatest failure and the importance of not giving up. In Peter's case, we see that Jesus seeks to lift up Peter immediately after his third denial. Luke 22:61-62 – The Lord turned and looked at Peter. And Peter remembered the word of the Lord, how He had told him, "Before a rooster crows today, you will deny Me three times." And he went out and wept bitterly.

I love this line: The Lord turned and looked at Peter! It's almost like time stands still. The Romans stop beating Jesus. There is a pause in the shouting. In the middle of the worst night in history, Jesus, His face drenched with blood, looks up at Peter.

And that's how it should be even in the midst of our greatest failures. In the worst times of our lives, we need to see that Jesus even still turns to look at us – with eyes full of compassion even though it is evident to Him and us that we have hurt Him.

When we receive a word of correction, do we see the eyes of Jesus, full of mercy? So even though our sins cause Him pain, He still look at us with eyes full of mercy.

Jesus wants to tell us that He loves us. I am convinced that the greatest regret we will have when our life is done is that we will regret how often we missed the voice of God telling us how much He loves us. Even in the times of our greatest failures. With eyes full of love, He seeks to say, "Child, you've gone down the wrong path here. You've missed the mark and you've fallen. You've lost your first love – you're lukewarm in your love. You have a name that you're alive, but you're dead."

The result of a look from Jesus

God help the Christians who don't see the Lord looking at them often – both in love and in correction! We can sing songs asking God to open our eyes to see Him. We can sing that we want to see His glory. But how do we know we have seen Him? Do we ever behold God in the beauty of His holiness (Psalm 29:2), that the ugliness of our sins makes us weep bitterly?

From all I've read about the saints of God through the ages, every man or woman of God regularly saw afresh their own depravity within. And this is not because they kept falling back into gross external sins of adultery or murder or theft. No, these were saints who had a deep fear of God and sought to be increasingly faithful to God. But they still saw bad attitudes that suddenly arose in their hearts, or jealousy towards other Christians, or the coveting of their neighbor's success, and so on. They knew that being guilty of one sin was the same as being guilty of all (James 2:10), so just one sinful attitude was bad enough. And even these sins of motive deeply bothered them, because it was a rejection of Jesus. They had a reverence for Jesus and the beauty of His holiness that they were disgusted by the sins that soiled that beauty.

And weeping bitterly is not about the physical tears. There is no virtue in weeping; what is needed is a deep remorse for one's sins and an earnest desire to completely depart from them. It's very possible that we can cry a river of tears one minute and then go back to committing the same sins later the very same day.

We also see this when Peter preaches his first sermon on the day of Pentecost. Acts 2:37 – Now when they heard this, they were pierced to the heart, and said to Peter and the rest of the apostles, "Brethren, what shall we do?" They were genuinely broken.

Now being broken is very different from being condemned. We must be able to recognize the difference between condemnation and God's conviction. The devil condemns us of our sins, while the Holy Spirit convicts us of our sins. Conviction and condemnation can have a lot of the same "feelings". But one leads to life and the other to death. One is divine and the other devilish.

We can never enjoy the Father's embrace if we listen to the devil's condemnation.

But we'll live shallow and superficial Christian lives if we reject the conviction of the Holy Spirit.

So how do we live under the conviction of the Holy Spirit, and reject the condemning lies of the devil? By making sure we keep our hearts open to love.

Peter or Judas

As we think about Peter's recovery from that failure, it is good to compare him with another disciple who failed: Judas. He had a very different end than Peter. So what was the difference in their end? Was it the magnitude of their failure? No! Was it that Judas was pre-destined to life in hell and Peter was pre-destined to life in heaven? Never, even we who are evil would never create a soul in love and then plan for it to suffer for all eternity.

So what was the difference? In Matthew 27:3-5, we read about Judas's end: Then when Judas, who had betrayed Him, saw that He had been condemned, he felt remorse and returned the thirty pieces of silver to the chief priests and elders, saying, "I have sinned by betraying innocent blood." But they said, "What is that to us? See to that yourself!" And he threw the pieces of silver into the temple sanctuary and departed; and he went away and hanged himself.

Right up until that last phrase (he went away and hanged himself), Judas's actions actually sound rather good. He shows remorse and he returns the money given to betray Jesus. But then, he isolates himself. And that is when, the devil came with his usual tactic of discouragement, and convinced Judas to end his life.

Could Judas have had a different story? Absolutely! No person is beyond the reach of God's love. Not even Judas. You would think that Peter denying Jesus three times was too evil a sin to commit. But Peter was able to find redemption.

Here is one simple but critical difference between Peter and

Jesus: Peter returned to be with his fellow disciples. Judas isolated himself. Peter might well have FELT equally bad as Judas did. He felt so bad that we don't see him at the cross of Christ. But he didn't stay in isolation. He returned to be with the other disciples.

Because of that, he was there when the women came back from the empty tomb with a message specifically for Peter (Mark 16:7). And he was with the disciples when Jesus appeared to them and showed them His wounds. And when Peter is still intent on returning to being a fisherman in John 21, he is with the other disciples.

This willingness to remain in fellowship is something that we all probably know is very difficult to do in times of failure. There is a STRONG urge to retreat and hide in shame when we have failed God. We can claim that we do not want to be hypocrites, so we do not want to come to church and pretend to be holy. But coming to church does not mean that you are holy; coming to church means that you are needy. And staying at home is saying that you are not needy. If we see that this is the reality of what we are saying when we stay away from fellowship with other believers, then we will hate this desire to isolate. I am convinced that the temptation to isolate oneself away from fellowship with other believers, is one of the devil's greatest deceptions. So we as Christians must fight with all our hearts against it.

## മാന്യ വരിക്കാരുടെ ശ്രദ്ധയ്ക്ക്

ജീവമൊഴികൾ മാസികയുടെ വരിസംഖ്യ മണി ഓർഡറായി അയയ്ക്കുന്നതിനു പകരം പലരും സ്വന്തം അക്കൗണ്ടിൽ നിന്നല്ലാതെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുഖേന നേരിട്ട് പണമായി അയയ്ക്കുന്നുണ്ട്. ഇങ്ങനെ ചെയ്യുമ്പോൾ 60 രൂപയോളം ബാങ്ക് ചാർജ്ജായി അവർ ഈടാക്കുന്നു. ഇതൊഴിവാക്കാൻ ഒന്നുകിൽ നിങ്ങളുടെ ബാങ്കിൽ നിന്ന് RTGS വഴി വരിസംഖ്യ അയക്കുക (JEEVAMOZHIKAL, SBI KUMARANALLOOR, A/C NO. 67074193088. IFS CODE SBIN0070677 ) അല്ലെങ്കിൽ മണി ഓർഡറായി അയയ്ക്കുക.

മാന്യ വരിക്കാരുടെ സഹകരണം അഭ്യർത്ഥിക്കുന്നു.

## എഡിറ്റോറിയൽ

# രണ്ട് യജമാനന്മാരെ സേവിക്കുകയോ? *തുടർച്ച...*

'.....നിങ്ങൾക്ക് ദൈവത്തെയും മാമ്മോനെയും സേവിപ്പാൻ കഴികയില്ല. അതു കൊണ്ട് ഞാൻ നിങ്ങളോട് പറയുന്നത് എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്നു ശരീരത്തി നായിക്കൊണ്ടും വിചാരപ്പെടരുത്' (മത്തായി 6:24-34) ഇവിടെ 24 മുതൽ 34 വരെയുള്ള വാക്യങ്ങളിൽ മൂന്നു വട്ടമാണു കർത്താവു മാമ്മോനെ പകെച്ചു തന്നെ സ്നേഹിക്കാൻ തയ്യാറാകുന്ന ഒരുവനോട് "വിചാരപ്പെടരുത്" എന്നു പറഞ്ഞിരിക്കുന്നത് (6:25, 31, 34 വാക്യങ്ങൾ നോക്കുക) ഒരു ലേലം 'ഒരു തരം രണ്ടു തരം മൂന്നു തരം' എന്നു പറഞ്ഞ് ഉറപ്പിക്കുന്നതുപോലെയാണ് കർത്താവ് ഇവിടെ ധനാശ ഉപേക്ഷിക്കാൻ മടിച്ചു നില്ക്കുന്ന ഒരു വിശ്വാ സിയെ 'വിചാരപ്പെടരുതെ'ന്നു മൂന്നു വട്ടം പറഞ്ഞു ധൈര്യപ്പെടുത്തുന്നത്. ഉവ്വ്, മുമ്പെ അവിടുത്തെ രാജ്യവും നീതിയും അന്വേഷിച്ചാൽ അതോടുകൂടെ ഈ ജീവിതത്തിൽ വേണ്ടതൊക്കെയും (ആഗ്രഹിക്കുന്നതൊക്കെയും എന്ന ല്ല) അവിടുന്ന് കൂട്ടിച്ചേർക്കും എന്ന വാഗ്ദാനവും ഈ ഭാഗത്താണു നൽകി യിരിക്കുന്നത്(6:33).

ദൈവത്തിൽ നിന്നുതന്നെ ഈ വാഗ്ദാനങ്ങളൊക്കെ കേട്ടാലും അതു വിശ്വാസമായി പരിണമിച്ചാൽ മാത്രമേ മാമ്മോനെ സ്നേഹിക്കുന്നതിനെ തിരെ നിലപാടെടുക്കാൻ കഴിയൂ. വാസ്തവത്തിൽ നാം എന്തു വിശ്വസിക്കു വാൻ ഇച്ഛിക്കുന്നുവോ അതു മാത്രമേ നമുക്കു വിശ്വസിക്കാൻ കഴിയൂ. അതു കൊണ്ടു തന്നെ കർത്താവ് മാമ്മോനെ സ്നേഹിക്കാതെ ദൈവത്തെ മാത്രം സേവിക്കാൻ കഴിയുമെന്നു പറഞ്ഞപ്പോൾ തന്റെ വാക്കുകൾ കേട്ട പരീശ ന്മാർക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവിടെ രേഖപ്പെടുത്തിയിരിക്കു ന്നതു ശ്രദ്ധിക്കുക: ".....ഇതൊക്കെയും ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ട് അവനെ പരിഹസിച്ചു" (ലൂക്കോ. 16:14). (ഇന്നും ഇങ്ങനെ തന്നെയാണ്). എന്നാൽ ഇതുകൊണ്ടൊന്നും യേശു തന്റെ നിലപാട് മാറ്റിയില്ല. അവിടുന്ന് തുടർന്ന് അവരോട് അതു കൂടുതൽ ഉറപ്പിച്ചു പറഞ്ഞു: 'മനുഷ്യരുടെ ഇട യിൽ ഉന്നതമായതു ദൈവത്തിന്റെ മുൻപാകെ അറെപ്പത്രേ.'(16:15)

ഇവിടെ ഈ ലോകത്തു മനുഷ്യരുടെ ഇടയിൽ ഉന്നതമായതു പലതുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ലോകം അതിന്റെ മൂല്യബോധത്തെ ക്രമീകരിച്ചിരിക്കുന്നത്. ഈ മൂല്യങ്ങൾക്കനുസരിച്ചു നേട്ടങ്ങൾ ഉണ്ടാക്കു ന്നതിനെയാണു ലോകം വിജയം (Success) എന്നു വിളിക്കുന്നത്. പണവും അംഗീകാരങ്ങളും ലോകമാനവും ഇതിലെ പ്രധാന ഘടകങ്ങളാണ്. എന്നാൽ ലോകം ഉന്നതമായി കരുതുന്ന ഈ കാര്യങ്ങൾ ദൈവത്തിന്റെ മുൻപാകെ അറെപ്പാണ് (abomination) എന്നു യേശു പറഞ്ഞു. ഈ ലോകത്തിന്റെ മൂല്യ ങ്ങൾക്കു കടകവിരുദ്ധമായ ദൈവാശ്രയത്വത്തിൽ മാത്രം അധിഷ്ഠിതമായ ഒരു നിലപാടാണു യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചത്. സ്വന്തജീവിത ത്തിൽ ഈ ദൈവികമൂല്യങ്ങൾ ഒന്നാമതു യേശു പ്രാവർത്തികമാക്കി. ആ നിലയിൽ ജീവിക്കാൻ തന്റെ ശിഷ്യന്മാരെയും ഉദ്ബോധിപ്പിച്ചു. ഈ ജീവി തവീക്ഷണത്തെ സിസ്റ്റർ ഇവ ഫ്രൈഡൻ ഷോർട്ട് 'എന്റെ രാജ്യം ഐഹി

കമല്ല' എന്ന തന്റെ ലേഖനത്തിൽ മനോഹരമായി വിശദീകരിച്ചിരിക്കുന്നത് ഇങ്ങനെയാണ് : "സമ്പത്തിനു പകരം ദാരിദ്ര്യം, ലാഭത്തിനു പകരം നഷ്ടം, സ്വേച്ഛാപ്രവണതയ്ക്കു പകരം സൗമ്യത, ഭരിക്കുന്നതിനു പകരം സേവനം, ഉല്ലാസത്തിനു പകരം കഷ്ടത, മിത്രത്തിനെന്നപോലെ ശത്രുവിനു വേണ്ടിയും ജീവൻ വച്ചുകൊടുക്കൽ- ഇതൊക്കെയാണ് ഈ ജീവിത പ്രമാണത്തിന്റെ പ്രായോഗികമായ അർത്ഥം. ഒരു ശിഷ്യനോട് മറ്റൊരാൾ അയാളുടെ ഉടുപ്പ് ആവശ്യപ്പെട്ടാൽ പുതപ്പും കൂടി ആ ശിഷ്യൻ വിട്ടുകൊടുക്കും. ഒരു മൈൽ ദൂരം തന്നോടൊപ്പം പോകുവാനാവശ്യപ്പെട്ടാൽ രണ്ടുമൈൽ കൂടെപ്പോകും".

ലോകത്തെ ഭരിക്കുന്ന പ്രമാണത്തിനു നേരെ എതിരായ ഈ പുതിയ പ്രമാണം പ്രാവർത്തികമാക്കുന്ന സമൂഹത്തെ സൃഷ്ടിക്കുവാൻ വേണ്ടിയാണ് പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെ മേൽ ഇറങ്ങിവന്നത്. സഭ എന്ന ഈ പുതിയ സമൂഹം ഈ പ്രമാണത്തിനനുസരിച്ചു ജീവിതവീക്ഷണത്തെ ക്രമീകരിച്ചു. എന്നാൽ ഒന്നാം നൂറ്റാണ്ടിലെ സഭയിൽ തന്നെ, ഈ ലോകത്തിന്റെ പണം, മാനം തുടങ്ങിയ മൂല്യങ്ങളെ ഒരു കൈകൊണ്ടും സ്വർഗ്ഗരാജ്യത്തിലെ നിക്ഷേപങ്ങളെ മറുകൈകൊണ്ടും പിടിക്കുവാൻ ശ്രമിച്ച ചില ഒറ്റപ്പെട്ട വ്യക്തികളുണ്ടായിരുന്നു. അനന്യാസ്-സഫീറ ദമ്പതികൾ (പ്രവൃത്തി 5:1-10), ശമര്യപട്ടണത്തിലെ ശിമോൻ (പ്രവൃ.8:18,19), ദേമാസ് (2തിമൊ.4:10) എന്നിവരെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. എന്നാൽ അപ്പോസ്തലന്മാർക്കു യേശുവിന്റെ ജീവിതമാതൃകയും അവിടുന്നു കൊണ്ടുവന്ന ദൈവരാജ്യത്തിന്റെ മൂല്യങ്ങളും എത്രയും വ്യക്തമായിരുന്നതുകൊണ്ട് ഈ പ്രവണതയെ മുളയിലെ നുള്ളുവാൻ കഴിഞ്ഞു.

ഇന്നോ? ഇന്നു യേശുവിന്റെ മാർഗ്ഗത്തിലേക്ക് ഈ ലോകത്തിന്റെ മൂല്യവും അതിന്റെ പ്രമാണവും നുഴഞ്ഞുവന്നിരിക്കുന്നു. അവർ ഒരു വശത്തു യേശുവിനെ വാഴ്ത്തിപ്പാടുകയും അവിടുത്തെ താഴ്മയെക്കുറിച്ചു പ്രസംഗിക്കുകയും ചെയ്യുമ്പോൾ തന്നെ ഈ ലോകത്തിലെ അഭികാമ്യമായ കാര്യങ്ങളിൽ തങ്ങൾക്കുള്ള പങ്കും അവകാശവും നഷ്ടമാക്കാതെ ഈ ലോകത്തു നേട്ടങ്ങൾ കയ്യടക്കുവാനുള്ള നെട്ടോട്ടത്തിലാണ്. മാത്രമല്ല, ദൈവഭക്തിയുടെ മാർഗ്ഗത്തെ തന്നെ ആദായസൂത്രമാക്കി ചിലർ മാറ്റിയിരിക്കുന്നു. പുതിയ 'ഇക്കണോമിസ്റ്റ്' വാരികയിൽ (2017 നവംബർ 4 ലക്കം) ക്രിസ്തീയലോകത്തെ പുതിയ പ്രവണതകളെപ്പറ്റി പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽനിന്ന് ഉദ്ധരിക്കട്ടെ: "യുഎസിൽ നിന്ന് അടുത്തകാലത്ത് ഇറക്കുമതി ചെയ്ത സമൃദ്ധിയുടെ സുവിശേഷം പണത്തിനാണ് ഊന്നൽ നൽകുന്നത്. പല പുതിയ തലമുറ പാസ്റ്റർമാരും തങ്ങളുടെ ജനങ്ങളോട് അവർ പാവപ്പെട്ടവരായിരിക്കാൻ ദൈവം ആഗ്രഹിക്കുന്നില്ലെന്നു തുറന്നു പറയുന്നു. ആഫ്രിക്കയിൽ പല സഭകളും 'ഈ ലോകത്തിലെ വിജയ'ത്തിനാണ് ഊന്നൽ നൽകുന്നത്. നൈജീരിയയിൽ 'വിക്ടറി ബൈബിൾ ചർച്ച്' എന്നിങ്ങനെയുള്ള പേരിൽ അറിയപ്പെടുന്ന കൂട്ടങ്ങൾ 'വിജയം എന്റെ ജന്മാവകാശമാണ്' എന്നൊക്കെയുള്ള വലിയ ബാനറുകൾ തൂക്കുന്നു! നൈജീരിയയിൽ ഏറ്റവും പ്രശസ്തനായ പാസ്റ്റർ (അദ്ദേഹത്തിന്റെ സഭയിലാണു രാജ്യത്തെ പ്രസിഡന്റും സംബന്ധിക്കുന്നത്) ക്രിസ്ത്യാനികൾ തീർച്ചയായും ധനികരായി മാറണമെന്നു പ്രസംഗിക്കുന്നു. ഇത്തരം പ്രസംഗകർ 'വിത്തുകൾ വിതയ്ക്കുന്നത്'

(സഭയ്ക്കു പണം കൊടുക്കുന്നത്) വലിയ പണത്തിന്റെ കൊയ്ത്തു കയ്യാളാനുള്ള മാർഗ്ഗമായി സഭാജനങ്ങളെ ഉപദേശിക്കുന്നു. പണം ലഭിക്കുന്നതു ദൈവം നമ്മെ സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണെന്നു അവർ പ്രഘോഷിക്കുന്നു. ഏതായാലും നൈജീരിയയിലെ നേരത്തെ പറഞ്ഞ പ്രശസ്തനായ പ്രസംഗകനെ ദൈവം വളരെ സ്നേഹിക്കുന്നുണ്ടെന്നുള്ളതിനു സംശയമില്ല. കാരണം അദ്ദേഹത്തിന് കോടിക്കണക്കിനു ഡോളറിന്റെ സ്വത്തും സ്വന്തമായി നാലു സ്വകാര്യവിമാനങ്ങളുമുണ്ട്."

കാര്യങ്ങൾ എത്ര മാറിപ്പോയിരിക്കുന്നു! രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യനും കഴിയുകയില്ലെന്നു യേശു പറഞ്ഞു. എന്നാൽ ഒരേ സമയം രണ്ടു യജമാനന്മാരെ സേവിക്കാൻ കഴിയുമെന്ന് ഇന്നത്തെ മേല്പറഞ്ഞ വിശ്വാസലോകം കണ്ടെത്തിയിരിക്കുന്നു! അതിൽ ഒരു തെറ്റും ഇല്ലെന്നു സ്ഥാപിക്കാൻ അതിനെ പിന്തുണയ്ക്കുന്ന, ഈ കാലഘട്ടത്തിനു യോജിച്ച, ഒരു ദൈവശാസ്ത്രത്തിനു രൂപം നൽകുകയും ചെയ്തിരിക്കുന്നു! ഈ ലോകം അവർക്ക് എത്രയും യോഗ്യം (worthy) ആയിത്തീർന്നിരിക്കുന്നു!

എന്നാൽ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നത് 'ലോകം അവർക്കു യോഗ്യമായിരുന്നില്ല' എന്നാണ് ( എബ്രായർ 11:38). അവർ ഈ ലോകത്തു ഭേദ്യമേറ്റു. പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് എന്നിവ അനുഭവിച്ചു....ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു. കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു. അതെ, ലോകം അവർക്കു യോഗ്യമായിരുന്നില്ല. (36-38). എന്നാൽ അവരെ സംബന്ധിച്ചു വളരെ അനുഗൃഹീതമായ ഒരു കാര്യം തൊട്ടടുത്ത വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു: "അവർ എല്ലാവരും വിശ്വാസത്താൽ സാക്ഷ്യം പ്രാപിച്ചു" (39). അവർ യഥാർത്ഥ വഴിയിലാണു നടന്നതെന്ന ദൈവത്തിന്റെ സാക്ഷ്യം അവർക്കു ലഭിച്ചു. അതു ലഭിച്ചതോ? അവരുടെ വിശ്വാസം മൂലവും.

ഉവ്വ്, ഈ വഴിയിൽ നടക്കാൻ യഥാർത്ഥ വിശ്വാസം വേണം. വിശ്വാസം എന്നതു 'കാണാത്ത കാര്യങ്ങളുടെ നിശ്ചയ'മാണല്ലോ(11:1) ഈ ലോകത്തിലെ കാണുന്ന കാര്യങ്ങൾക്കു വേണ്ടിയായിരുന്നില്ല അവരുടെ വിശ്വാസം. ഈ ലോകത്തു ദൃശ്യമായതോ ഇവിടെ അംഗീകാരം ലഭിച്ചതോ ആയിരുന്നില്ല അവരുടെ വിശ്വാസം. പക്ഷേ ആ വിശ്വാസത്തിനു ദൈവത്തിന്റെ സാക്ഷ്യം ലഭിച്ചു. അതു പോരെ?

ഇന്ന് ഈ ലോകത്തു പണവും നേട്ടവും ദൈവം സ്നേഹിക്കുന്നതിന്റെ തെളിവാണെന്ന് പ്രഘോഷിക്കുന്ന സമൃദ്ധിയുടെ പ്രസംഗകരും ഇതെല്ലാം തങ്ങൾക്കു ലഭ്യമായതു വിശ്വാസത്താലാണെന്നാണല്ലോ അവകാശപ്പെടുന്നത്? ഇത് എന്തു വിശ്വാസമാണ്? വിശ്വാസത്താൽ കാറ്, വീട് പോലുള്ള ചില ഭൗതിക വസ്തുക്കളും ഈ ലോകത്തിലെ നേട്ടങ്ങളും സ്വപ്നം കാണണമെന്നും അവകാശപ്പെടണമെന്നും കൃത്യസമയത്ത് അതു ലഭ്യമാകുമെന്നും അവർ പഠിപ്പിക്കുമ്പോൾ ധാരാളം പേർ അതിന്റെ പിന്നാലെയാണ്. തീർച്ചയായും മുൻപേ അവിടുത്തെ രാജ്യവും നീതിയും അന്വേഷിച്ചാൽ ഈ ലോകജീവിതത്തിൽ നമുക്ക് ആവശ്യമായതു കൂട്ടിച്ചേർക്കപ്പെടും എന്നതു ദൈവത്തിന്റെ വാഗ്ദാനമാണ്.എന്നാൽ അതിന്റെ പേരിൽ ഈ

ലോകത്തിലെ ഭൗതികകാര്യങ്ങളെക്കുറിച്ചുള്ള നമ്മുടെ ദുരാഗ്രഹങ്ങളും അത്യാഗ്രഹങ്ങളും നേടിയെടുക്കാനുള്ള ഒരു മാർഗ്ഗമായി വിശ്വാസത്തെ ചിത്രീകരിക്കുമ്പോൾ ആ വിശ്വാസത്തിന് എവിടെയോ എന്തോ ഒരു തകരാറുണ്ടെന്നതു വ്യക്തമല്ലേ?

വിശ്വാസത്തിന്റെ അദ്ധ്യായമായ എബ്രായർ 11 ൽ വിവരിക്കുന്ന വിശ്വാസ വീരന്മാരെക്കുറിച്ചെല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് എന്താണ്? അവർ 'എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടവരും കൂടാരങ്ങളിൽ പാർത്തുകൊണ്ടു ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നവരും ഭൂമിയിൽ തങ്ങൾ അന്യരും പരദേശികളും എന്നു ഏറ്റുപറഞ്ഞുകൊണ്ടു വിശ്വാസത്തിൽ മരിച്ചവരും' എന്നാണല്ലോ. അവർ ദൈവജനത്തോടുകൂടി കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുക്കുകയും മിസ്രയേമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനില്ക്കുകയും ചെയ്തുവല്ലോ. അവർ ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യമേറ്റവരും സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്തനിവൃത്തി പ്രാപിക്കാതിരുന്നവരുമാണല്ലോ. തുടർന്ന് 12-ാം അധ്യായത്തിൽ വിശ്വാസത്തിന്റെ നായകനായ യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതും അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു എന്നാണെന്നതു ശ്രദ്ധിക്കുക. വിശ്വാസത്തിന്റെ നായകനായ അവിടുന്ന് വിശ്വാസത്താൽ ക്രൂശിൽ നിന്നു വിടുതൽ നേടി എന്നല്ല എഴുതിയിരിക്കുന്നത്!

ഈ ലോകത്തിന്റെ പ്രമാണത്താൽ സ്വാധീനിക്കപ്പെട്ട ഇന്നത്തെ വിശ്വാസലോകം കഷ്ടങ്ങളിൽ നിന്നുള്ള വിടുതലിലും ദൃശ്യമായ ചില കാര്യങ്ങൾ കയ്യടക്കുന്നതിലും ഈ ലോകത്തെക്കുറിച്ചുള്ള തങ്ങളുടെ സ്വപ്നങ്ങൾ നേടിയെടുക്കുന്നതിലും 'വിശ്വാസത്തിന്റെ വിജയം' കാണുന്നു. എന്നാൽ എബ്രായർ 11 ലെ വിശ്വാസവീരന്മാർ തങ്ങളുടെ ജീവിതം കൊണ്ട് ഉദ്ഘോഷിക്കുന്ന യഥാർത്ഥ വിശ്വാസം കാണാത്ത കാര്യങ്ങളിലുള്ള നിശ്ചയത്താൽ അദൃശ്യ ദൈവത്തെ കണ്ടതുപോലെ ഉറച്ചുനില്ക്കുന്നതായിരുന്നു. ഈ വിശ്വാസത്തിന്റെ വഴി ഈ ലോകത്തിനോ ലോകത്തിന്റെ മൂല്യങ്ങൾക്കൊപ്പം വിശ്വാസത്തെ വ്യാഖ്യാനിക്കുന്ന ഇരുതോണിയിൽ കാലുവയ്ക്കുന്ന ഇന്നത്തെ വിശ്വാസലോകത്തിനോ ഉൾക്കൊള്ളാനാവുകയില്ല. അവർക്കു മനസ്സിലാകാത്ത യഥാർത്ഥ വിശ്വാസത്തിന്റെ അദൃശ്യമായ ഒരു സമാന്തര പാതയാണിത്. എന്നാൽ ഇതു കണ്ടെത്തുന്നവർ ചുരുക്കമത്രേ. (മത്തായി 7:14).

പൗലൊസിന്റെ വാക്കുകളോടെ ഈ ചിന്തയ്ക്ക് അടിവരയിടാമെന്നു തോന്നുന്നു: "തൃപ്തിയോടുകൂടിയ ദൈവഭക്തിയാണു വലിയ ആദായം. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ല. ഇവിടെനിന്നു യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല... ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്ക് അധീനരായിത്തീർന്നിരിക്കുന്നു. നീയോ ദൈവത്തിന്റെ മനുഷ്യനായുള്ളോവേ, അതു വിട്ടോടി നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവ പിന്തുടരുക. വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക. നിത്യജീവനെ പിടിച്ചുകൊൾക" (1 തിമൊ. 6:6-12). ആമേൻ.

❖

Thought for the month

# ROAD RULES FOR THE NEW YEAR

**Santosh Poonen**

"From everlasting to everlasting You are God... for a thousand years in Your sight are like yesterday when it passes by, or as a watch in the night. As for the days of our life, their pride is but labor and sorrow; for soon it is gone and we fly away. So teach us to number our days that we may present to You a heart of wisdom(from Psalm 90).

We are at the end of another calendar year. This is a good opportunity to remind ourselves through the words of this Psalm, how short is our time on this earth, and how crucialevery single moment in life is.

As you think about the road ahead in the year 2018, here are 4very simple Road Rules to live by:

## Stop at the red lights.

Our tendency is to rush through life, assuming that we only have green lights. Instead, whenever we come to an intersection where we have to make a decision, let'sstop and acknowledge Him. If we ask Him to show us which way to proceed, He will reply with directions (Isaiah 30:21), and will make the road ahead of us straight (Proverbs 3:6). If we never wait at the intersection long enough for Him to turn the light green, we will end up in an accident.

## Don't stop at the green lights.

Every opportunity I have to deny myself and take up my cross to follow Jesus is a green light that I must always go through without hesitation. Every situation in which I can build a bridge to repair relationships is a green light, and I must always go through that without hesitation (Romans 12:18). One of the signs that we have truly been made new in Christ is that we become reconcilers (II Corinthians 5:17-20). When I have the opportunity to apologize and set things right, if I delay – because of my pride, or by defending myself, or by blaming the other person – that's like not moving forward at a green light. I will be blocking traffic, and eventually, I will get into an accident. Instead, let us always be quick to go through the green light of being peacemakers (Matthew 5:9).

## Don't drive off the road.

As we travel along the road of our journey with God, the devil is constantly trying to get us to drive off the road. Along the side of the road are many pretty flowers and trees, which are the opinions of other people. If we allow the fear of what people will think about us to distract us (Galatians 1:10), we will soon drive off the highway and end up in a crash. My father used to tell me frequently, "You have the choice of either impressing people or blessing them. Choose to bless them." To impress people, you need to be talented – and the more of "you" the better.If you want to really help them, however, you need the power of the Holy Spirit – and the less of "you", the better (John 3:30)!

## Stay in your lane.

Unfortunately, many people have the habit of not staying in the lane marked on the road, and this often leads to accidents. In our Christian life also, God has drawn lanes for our protection. Staying in our lane means not being a busybody in other people's matters (II Thessalonians 3:11), and minding our own business (I Thessalonians 4:11-12). When we unnecessary get involved in matters that don't involve us, that's like crossing over the line into someone else's lane. Eventually, we will cause damage to our life and the lives of those around us.

Finally, let's not drag our way along this journey. Let us run to win Jesus (II Corinthians 9:24)! Amen.

JEEVA MOZHIKAL RNI/KERBIL/-2003/21404
December 2017 www.jeevamozhikal.org
Annual Subscription Rs. 150/-

Registered No: KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-11-2017

# അമ്മമാരെ ഉപേക്ഷിക്കാൻ ഒരു മല

പഴയ ജപ്പാനിലെ ഒരു വിദൂരഗ്രാമത്തിൽ കാടുപിടിച്ചുകിടന്ന ഒരു മലയുടെ പേര് 'അമ്മയെ ഉപേക്ഷിക്കുന്ന മല' എന്നായിരുന്നു.

എഴുപതു വയസ്സിനു മുകളിൽ പ്രായമുള്ളവരെ കൊണ്ടുവന്ന് ഉപേക്ഷിക്കുന്ന പ്രദേശമായിരുന്നു അത് എന്നുള്ളതിനാലാണ് മലയ്ക്ക് ആ പേരു ലഭിച്ചത്. ഒരു ദിവസം ഒരു ചെറുപ്പക്കാരൻ തന്റെ എഴുപതു കഴിഞ്ഞ അമ്മയെ ചുമന്നു കൊണ്ടു മലയിലേക്കു നടന്നു കയറുകയാണ്. പോകുന്ന വഴിക്ക് അമ്മ കൈയെത്തി ഓരോ മരക്കമ്പുകൾ ഒടിച്ചു വഴിയിലിടുന്നതു മകൻ ശ്രദ്ധിച്ചു. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്നു ചോദിച്ചപ്പോൾ "മോനേ, തിരിച്ചുവരുമ്പോൾ നിനക്കു വഴി തെറ്റാതിരിക്കാനാണ് ഈ ശിഖരങ്ങൾ ഒടിച്ചിടുന്നത്" എന്നായിരുന്നു അമ്മയുടെ മറുപടി.

മറുപടികേട്ട് സ്തബ്ധനായിപ്പോയ മകൻ അമ്മയെ മലയിൽ ഉപേക്ഷിക്കാതെ തിരികെ വീട്ടിൽ കൊണ്ടുവന്ന് ആരും അറിയാതെ പോറ്റുവാൻ തുടങ്ങി. നാട്ടിലെ ആചാരത്തിനു വിരുദ്ധമായി എഴുപതു കഴിഞ്ഞ ആളിനെ വീട്ടിൽ പാർപ്പിക്കുന്നതു കുറ്റകരമായതിനാലാണ് അമ്മയെ ഒളിവിൽ പാർപ്പിച്ച് സംരക്ഷിച്ചത്.

നാളുകൾ കടന്നുപോയപ്പോൾ ജപ്പാനിലെ ചക്രവർത്തിയുടെ പല ഭരണപരിഷ്ക്കാരങ്ങളും ആളുകളുടെ ജീവിതത്തെ ദുസ്സഹമാക്കാൻ തുടങ്ങി. ഈ കാര്യങ്ങൾ മകൻ ചെന്ന് രഹസ്യമായി അമ്മയോടു പറയും. പ്രായമുള്ള അമ്മ അതിനെക്കുറിച്ച് ആലോചിച്ചശേഷം ആ പ്രശ്നത്തെ മറികടക്കാൻ ഒരു പോംവഴി മകനു പറഞ്ഞു കൊടുക്കും. മകൻ ആ പോംവഴി സ്വീകരിക്കും. നാട്ടുകാരെയും അറിയിക്കും. അവരും അങ്ങനെ ചെയ്യും. ഇലയ്ക്കും മുള്ളിനു കേടില്ലാതെ അവർ അങ്ങനെ ആ പ്രശ്നം പരിഹരിച്ചു സമാധാനമായി ജീവിക്കും. അപ്പോഴാണ് ചക്രവർത്തിയുടെ അടുത്ത പരിഷ്കാരം. അതും ഇതേ നിലയിൽ അവർ മറികടക്കും. ഇങ്ങനെപല തവണ ആയപ്പോൾ നാട്ടുകാർ ഈ 'ജ്ഞാനത്തിന്റെ ഉറവിടം' ഏതാണെന്ന് ചെറുപ്പക്കാരനോട് അന്വേഷിച്ചു. അവൻ സത്യം പറഞ്ഞു. ആളുകൾ അതേപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി. ഒടുവിൽ അവർ പ്രായമായവരെ മലയിൽ ഉപേക്ഷിക്കുന്ന സമ്പ്രദായം എന്നന്നേക്കുമായി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. നോക്കുക: ഒരമ്മയുടെ മകനോടുള്ള സ്നേഹവും കരുതലും ഫലത്തിൽ നാട്ടിൽ നിലനിന്നിരുന്ന തെറ്റായ ഒരാചാരത്തെ തന്നെ മാറ്റിമറിക്കുവാൻ ഇടയാക്കി.

"നിങ്ങൾ നന്മ ചെയ്യുന്നതിൽ ശുഷ്കാന്തിയുള്ളവർ ആകുന്നു എങ്കിൽ നിങ്ങൾക്കു ദോഷം ചെയ്യുന്നവൻ ആർ?" (1 പത്രോസ് 3:13).

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.